# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

March - April 2026 No. 2/26

*I am the resurrection and the life*

John 11:25



For Private Circulation Only

# CHRAISTHAVA VANITHA

*For Private Circulation Only*

Founder Editor

**Annamma Charles John**

(A Good News Educational Society Publication)

**This is a publication solely for the propagation of the Word of God and thus for the encouragement and edification of the people of God**



**Editorial Committee**

**Mrs. Sherine Kingston, Mrs. Jessy Bensen**
**Mrs. Sobha Selin, Mr. George John**



**Articles for publication should be sent to:**
**Mrs. Sherine Kingston, P.O. Box 2501, MCPO**
**Trivandrum 695011 or by email to**
**sherinekingston@gmail.com. Mob : +919087144349**


## ഉള്ളടക്കം


- എഴുന്നേല്ക്കാൻ സമയമായി.....1
- തേജസ്സായി മാറുന്ന കഷ്ടത.....4
- ദാഹശമനം.....6
- വിശ്വാസിയും, വിശ്വാസവും.....9
- നാരീജനത്തിൽ അനുഗ്രഹം ലഭിച്ച യായേൽ .....11
- കിളിവാതിൽ.....14
- ഇന്ത്യയിലെ അമ്മ.....18
- കുമ്പനാട്ടു നിന്നുള്ള രണ്ട് വനിതാ മിഷണറിമാർ.....21
- ഉടമസ്ഥന് ഉപയോഗപ്പെടണമോ?.....24
- വിശ്വാസ ജീവിതത്തിൽ നേരിട്ട ഒളിയമ്പുകളും.....26
- നമ്മുടെ യൂണിഫോം.....33
- Quest-6.....cover iv

# എഴുന്നേല്ക്കാൻ സമയമായി
## (എഫെ. 5:14,18)

അതുകൊണ്ട് : ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്നു എഴുന്നേല്ക്ക; എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും എന്നു ചൊല്ലുന്നു.

ദൈവം നമുക്കു തന്നിരിക്കുന്ന പ്രകാശം (വെളിച്ചം) ക്രിസ്ത്യാനികളായ പലരും പ്രകാശിക്കുവാൻ അനുവദിക്കാതെ ഉപേക്ഷിച്ചിരിക്കുകയാണ്. നാം ഇരുട്ടിൽ ഉറങ്ങുകയാണ്. സുവിശേഷസത്യങ്ങൾ ലോകത്തിലേക്കു എത്തിക്കുവാനും ആളുകളെ യേശുക്രിസ്തുവിന്റെ രാജ്യത്തിന് അവകാശികളാക്കുവാനും നമുക്ക് അറിവും അവസരങ്ങളും ഉണ്ട്. ദൈവം നമ്മെ ഏല്പിച്ച ജോലി ചെയ്യുവാൻ നാം യാതൊരു അത്യാവശ്യവും കാണിക്കുന്നില്ല. ”ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു” (മത്തായി 28:19, 20). യേശുക്രിസ്തു നമുക്കു തന്ന കല്പനയാണ് ഇത്. നാം ഉറങ്ങിയും മയങ്ങിയും നമ്മുടെ സ്വാർത്ഥതാത്പര്യങ്ങൾക്കും, സുഖത്തിനും, നമ്മുടെ കുടുംബത്തിനും വേണ്ടി നമ്മുടെ സമയം രാത്രിയും പകലും എന്നുള്ള വ്യത്യാസം ഇല്ലാതെ ചെലവഴിക്കുന്നു. എന്നാൽ ആർക്കും പ്രവർത്തിച്ചുകൂടാത്ത ഒരു രാത്രി വരുന്നു.(യോഹ:9:4) അതിനു മുമ്പ് നമുക്ക് ഉണർന്ന് പ്രവർത്തിക്കാം. കർത്താവ് നമ്മെ സ്നേഹിച്ചു നമ്മെ വിളിച്ചു വേർതിരിച്ചു ദൈവമക്കളാക്കി തീർത്തു. ആ സ്നേഹം നാം മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കണം. എങ്കിൽ മാത്രമേ അവർ ആ സ്നേഹത്തിലേക്ക് വരുകയുള്ളൂ. യോഹ. 21:15–ാം വാക്യത്തിൽ യേശുക്രിസ്തു ശിമോൻ പത്രൊസിനോട് ചോദിക്കുന്ന ഒരു ചോദ്യമാണ് ഇവരിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?. ഇതേ ചോദ്യം ഇന്ന് നമ്മോട് ഓരോരുത്തരോടും ചോദിക്കുമ്പോൾ നാം എന്ത് മറുപടി പറയും?

പഴയനിയമത്തിൽ ഏലീയാവിന്റെ ശിഷ്യനായിത്തീർന്ന എലീശ ദൈവവിളി കേട്ട് ഇറങ്ങിയപ്പോൾ തന്റെ പണിസാധനങ്ങളായ ഒരു ഏർ കാളയെ അറുത്ത് കാളയുടെ മരക്കോപ്പുകൊണ്ട് മാംസം പാകം ചെയ്ത് ജനത്തിന് കൊടുത്തു.

2 രാജാക്കന്മാർ 7:9–10 വായിച്ചാൽ ”പിന്നെ അവർ തമ്മിൽ തമ്മിൽ: നാം ചെയ്യുന്നതു ശരിയല്ല; ഇന്നു സദ്വർത്തമാനദിവസമല്ലോ; നാമോ മിണ്ടാതിരിക്കുന്നു; നേരം പുലരുംവരെ നാം താമസിച്ചാൽ നമുക്കു കുറ്റം വരും; ആകയാൽ വരുവിൻ, നാം ചെന്നു രാജസന്നിധി

യിൽ അറിവുകൊടുക്ക എന്നു പറഞ്ഞു". അല്ലയോ എന്റെ സഹോദര ങ്ങളേ ആ കുഷ്ഠരോഗികൾ പോയതുപോലെ നമുക്കും പോയി മറ്റു ള്ളവരോടു പറയാം. ക്രിസ്തുവിനെ കൂടാതെ ആത്മാക്കൾ നശിക്കുന്നു. നമുക്കോരുത്തർക്കുമുള്ള ചുമതല പോയി മറ്റുള്ളവരോടു സുവിശേഷം പറയുക അല്ലെങ്കിൽ പോകുന്നവരെ ഓർത്തു പ്രാർത്ഥിക്കുകയും അവർക്ക് ആവശ്യമുള്ള സാമ്പത്തികസഹായം ചെയ്യുകയുമാണ്.

നാം ക്രിസ്തുവിൽ യഥാർത്ഥ സന്തോഷം കണ്ടെത്തിയവരാ ണെങ്കിൽ നമ്മുടെ സുഖത്തിലും, ദുഃഖത്തിലും, രോഗത്തിന്റെ മൂർദ്ധ ന്യാവസ്ഥയിലും, ഇല്ലായ്മകളിലും, പ്രതിസന്ധികളിലും, മുമ്പോട്ടു പോകാൻ വഴികൾ അടഞ്ഞിരിക്കുന്ന സന്ദർഭത്തിലും, ഇരുട്ട് നമ്മെ മൂടുമ്പോഴും ദൈവം നടത്തിയ വഴികളെക്കുറിച്ച് മറ്റുള്ളവരോട് പറയുവാൻ സാധിക്കും. ഈ അനുഭവങ്ങളിലൂടെ കടന്നുപോകുന്നവരോട് സമയം തക്കത്തിൽ ഉപയോഗിച്ച് ക്രിസ്തുവിന്റെ വചനം അവരോട് പറയാം. അപ്പോൾ മറ്റൊരു ഹൃദയത്തെ അത് തുടിപ്പിക്കും. ജീവന്റെ വെളിച്ചം അവനിൽ പ്രകാശിക്കും. വിസ്തൃതമായ ലോകം മുഴുവൻ കാണട്ടെ നിന്റെ ജീവിതത്തിലെ അത്ഭുതകരമായ ആ ദർശനം. പറഞ്ഞറിയി ക്കാൻ സാദ്ധ്യമല്ലാത്ത ആനന്ദം, സമാധാനം നമ്മുടെ ചുറ്റും നൊമ്പര പ്പെടുന്ന ഹൃദയങ്ങൾ ഈ ആനന്ദം അനുഭവിക്കട്ടെ. സമയം തക്ക ത്തിൽ ഉപയോഗിച്ച് മരണത്തിലേക്കു പോകുന്നവരെ ഈ ആനന്ദത്തി ലേക്ക് കൊണ്ടുവരാം. ക്രിസ്തുവിന്റെ സ്നേഹത്താൽ അവരുടെ ഹൃദ യങ്ങളെ നിറയ്ക്കാം.

ഒരുവൻ എന്നെ പിൻപറ്റാൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ. മഗ്ദലക്കാരത്തി മറിയ അന്ത്യത്തോളം കർത്താവിനെ സ്നേഹിച്ചു. അതിനാൽ ആർക്കും ലഭിക്കാത്ത പ്രതി ഫലം അവൾക്കു ലഭിച്ചു. എല്ലാവരും സുഖമായി ഉറങ്ങിയപ്പോൾ അവൾ അതിരാവിലെ ഇരുട്ടുള്ളപ്പോൾ യേശുവിനെ കാണാൻ കല്ലറയിൽ വന്നു. അതുകൊണ്ട് ഉയിർത്തെഴുന്നേറ്റ യേശുവിനെ ആദ്യം കാണുവാൻ ഭാഗ്യം ലഭിച്ചു. കർത്താവിനോടുള്ള അവളുടെ സ്നേഹം അത്രയ്ക്ക് വലുതായിരുന്നു. സർവ്വവും ഉപേക്ഷിച്ച് കർത്താവിനെ അനുഗമിച്ചു. കർത്താവിനു വേണ്ടി പ്രവർത്തിക്കുവാനുള്ള സമയം ഇപ്പോഴാണ്.

ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനി കളായിട്ടത്രേ നടപ്പാൻ നോക്കുവിൻ. നമുക്ക് ലഭിച്ച പ്രകാശം മറ്റുള്ള വർക്കും പകരപ്പെടുവാൻ ദൈവം നമ്മെ ഓരോ സ്ഥാനങ്ങളിൽ നിർത്തി യിരിക്കുന്നു. നമ്മുടെ മുമ്പിലുള്ള തടസ്സങ്ങൾ നിമിത്തം നാം നിരാശപ്പെട്ടുപോകരുത്. ദൈവം നമ്മെ ഏല്പിച്ച ശുശ്രൂഷ പൂർണ്ണ ഹൃദയത്തോടെ നിർവ്വഹിക്കാം. നമ്മുടെ സങ്കല്പങ്ങൾക്കും അപ്പുറ

മായി ദൈവം നമ്മുടെ ആവശ്യങ്ങളെ നിവർത്തിച്ചു തരും.

കർത്താവിന്റെ വരവ് സമീപിച്ചിരിക്കുന്നു. കർത്താവ് നമ്മോട് “എന്റെ ജീവൻ ഞാൻ നിനക്കായി നല്കി, നീ എനിക്കുവേണ്ടി എന്തു ചെയ്തു” എന്ന് ചോദിക്കുമ്പോൾ നാം എന്ത് ഉത്തരം പറയും? കഴിഞ്ഞ കാലത്തെ നമുക്ക് കുഴിച്ചിടാം. കർത്താവിന്റെ പാദപീഠത്തിൽ ഇരുന്ന് ഒരു തീരുമാനമെടുക്കാം. നാം നമ്മെ തന്നെ ബലഹീനരായി കാണുന്നു. നമ്മെക്കൊണ്ട് ഇതൊന്നും ചെയ്യുവാൻ സാധ്യമല്ല എന്ന് കരുതുന്നു. എന്നാൽ രക്ഷിക്കപ്പെട്ട ഓരോരുത്തരോടും ദൈവം പറയുന്നു. എഴുന്നേറ്റു പ്രകാശിക്ക, നിന്റെ പ്രകാശം വന്നിരിക്കുന്നു. യഹോവയുടെ തേജസ്സ് നിന്റെ മേൽ ഉദിച്ചിരിക്കുന്നു. ഇന്നുമുതൽ പരമോന്നതനായ കർത്താവിന് എന്റെ കഴിവിന്റെ പരാമാവധി ഞാൻ ചെയ്യും. നമ്മുടെ വിവിധ ഉത്തരവാദിത്തങ്ങൾക്കു പുറമേ, ദൈവരാജ്യത്തിനുവേണ്ടി അനേകരെ കർത്താവിന്റെ സന്നിധിയിൽ കൊണ്ടുവരുവാൻ തക്കവണ്ണം പ്രവർത്തിക്കുവാൻ നാം മുന്നോട്ടു വരും എന്ന് തീരുമാനമെടുക്കാം. ദൈവം തന്റെ അളവറ്റ സ്നേഹത്താൽ നമ്മെ നിറയ്ക്കും.

**ഷെറിൻ കിംഗ്സ്റ്റൻ**

---

## Quest 5 -ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ഗ്രേസ് ശാമുവേൽ. ഓമല്ലൂർ
2. സൂസമ്മ എബ്രഹാം, കോത്തല
3. ലൈല കെ. വിക്ടർ, പേരൂർക്കട
4. എൽസി തോമസ്, മീൻതുള്ളി
5. ഡെയ്സി ബിജോയ് ജോൺസ്, ഇടപ്പള്ളി
6. ലീല കെ.വി., പുളിക്കൽ കവല
7. ജെസ്സി മോൻസൺ, കരിയംപ്ലാവ്
8. സി. എം. മാമ്മൻ, കേന്ദ്രീയ വിഹാർ, മുംബൈ
9. ജോളി ഷാജി, കരുവാറ്റ, അടൂർ
10. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
11. കുഞ്ഞുമോൾ ഈപ്പച്ചൻ, ഉള്ളൂർ
12. ബിന്ദു സി.എസ്., വഞ്ചിയൂർ
13. ബീനാ സുരേഷ്, കരകുളം
14. അന്നമ്മ എബ്രഹാം, പെരുമന്നൂർ
15. സുജ സുനിൽ, ആറാം കല്ല്
16. സജനി ഔസേഫ്, പോങ്ങുംമൂട്
17. വിദ്യാ ബാബു, പാറോട്ടുകോണം
18. ലൈസ സാമുവേൽ, മുംബൈ
19. മോളി ഫ്രാൻസിസ്സ്, ലൂർദ്പുരം, തൃശ്ശൂർ
20. വിനിത ബി. പോത്തൻകോട്, തിരുവനന്തപുരം
21. സൂസൻ തോമസ്സ്, പട്ടം
22. സുമ റെജി, തൃക്കണ്ണമംഗൽ
23. ആനി ജോൺസൻ, ചെമ്മന്തൂർ
24. രശ്മി സിജു, കുറ്റിയാണി

**ക്വെസ്റ്റ് 5-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ**
**ക്വിസ് മാസ്റ്റർ**

# തേജസ്സായി മാറുന്ന കഷ്ടത

ലൗകിക കഷ്ടതകളെ ക്ഷണികമായും അതിന്റെ പ്രതിഫലമായ തേജസ്സിനെ നിത്യമായതുമായിട്ടാണ് തിരുവചനത്തിലുടനീളം നാം കാണുന്നത്. ഒരു കെട്ടിടനിർമ്മാണവുമായി ബന്ധപ്പെടുത്തി കഷ്ടത തേജസ്സായി മാറുന്നതിനെക്കുറിച്ച് നമുക്കു പഠിക്കുവാൻ കഴിയും. ദൈവത്തിന്റ നിവാസമായി സഭ പണിയപ്പെടുന്നതിനെക്കുറിച്ച് "ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്ന് കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു" (എഫെ.2:20) എന്നിങ്ങനെയാണ് വായിക്കുന്നത്.

പണിയുടെ ഭാഗമായ ചെത്തിമിനുക്കലും ശക്തിപ്പെടുത്തലുമൊക്കെ കഷ്ടതയായിട്ടാണ് നമുക്കു അനുഭവപ്പെടുക. എന്നാൽ അല്പസമയത്തേക്ക് അനുഭവിക്കുന്ന കഷ്ടം സഭയാകുന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിന് നമ്മെ അനുയോജ്യരാക്കിതീർക്കുന്നതിനു ഉദ്ദേശിച്ചുള്ളതായിരിക്കുമ്പോൾ തന്നെ നമുക്ക് അത് നിത്യതേജസ്സായി രൂപാന്തരപ്പെടും എന്ന പ്രയോജനം കൂടെയുണ്ട്. "എന്നാൽ അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നേ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും" (1 പത്രൊസ് 5:10) എന്നും "ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും" (1 പത്രൊസ് 4:13) എന്നും രേഖപ്പെടുത്തിയിരിക്കുന്നതിൽ കഷ്ടതയും തേജസ്സുമായി ബന്ധപ്പെട്ടിരിക്കുന്നതായി കാണാം.

കഷ്ടതയുടെ കാരണവും അതിന്റെ പ്രയോജനവും നിത്യതയിൽ അതിനാലുളവാകുന്ന പ്രതിഫലവുമൊക്കെ ഗ്രഹിക്കുമ്പോൾ മാത്രമാണ് കഷ്ടതയിൽ ആശ്വസിക്കുവാനും സന്തോഷിക്കുവാനും നമുക്കു കഴിയുന്നത്. സർവ്വകൃപാലുവായ ദൈവം താൻ തന്നെയാണ് പണി ചെയ്യുന്നത്. അതുകൊണ്ടുതന്നെ സഹിക്കാവുന്നതിന് അപ്പുറ

മായ ഒരു വേദന അനുവദിക്കുകയോ അനിവാര്യമല്ലാത്ത ചെത്തിമിനുക്കലുകൾ ചെയ്കയോ ഇല്ല എന്നതും ആശ്വാസകരമാണ്. സ്രഷ്ടാവും കർത്താവുമായ സർവ്വകൃപാലുവായ ദൈവം തന്നെ നമ്മെ തന്റെ നിവാസമായ മന്ദിരത്തിനു അനുയോജ്യമായ വിധത്തിൽ രൂപാന്തരപ്പെടുത്തുമ്പോൾ അവന്റെ കരങ്ങളിൽ വഴക്കവും ഒതുക്കവും വിധേയത്വവുമുള്ള ഒരു കല്ലായി സ്വയം വിട്ടുകൊടുക്കുക മാത്രമേ നാം ചെയ്യേണ്ടതുള്ളൂ.

കെട്ടിടത്തിന്റെ ഏത് നിരയിൽ ഏത് ഭാഗത്ത് എങ്ങനെ പണിയപ്പെടണം എന്നൊന്നും നാം അഭിപ്രായം പറയുവാൻ ആവശ്യമില്ല. ദൈവകരങ്ങളിലേക്ക് സ്വയം ഏൽപിച്ചുകൊടുക്കുന്നതിന് നാം ഭയപ്പെടേണ്ടതുമില്ല. മാത്രമല്ല നമ്മുടെ മേലുള്ള പണി നിത്യതയിൽ എപ്രകാരം തേജസ്സായി പ്രതിഫലിക്കും എന്നോർത്തും നാം ആശങ്കപ്പെടേണ്ടതില്ല. അതെല്ലാം ചെയ്യുന്നത് സർവ്വകൃപാലുവായ ദൈവം താൻ തന്നെയാണ്.

വിശുദ്ധമന്ദിരത്തിനു അനുയോജ്യമായ വിധത്തിൽ ചെത്തിമിനുക്കി പൂർണ്ണതയുള്ള കല്ലാക്കി മാറ്റുന്നത് ദൈവമാണ്. അത് യഥാസ്ഥാനത്ത് തൂക്കുകട്ട പിടിച്ച് കൃത്യമായി വെക്കുന്നതും ദൈവമാണ്. ആ കല്ല് താഴെയും വശങ്ങളിലുമൊക്കെയുള്ള മറ്റ് കല്ലുകളുമായി ചേർത്തുവെച്ച് ബലപ്പെടുത്തുന്നതും സർവ്വകൃപാലുവായ ദൈവം തന്നെയാണ്. ഒടുവിൽ നിത്യതയിൽ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഈ കൊച്ചുകല്ലും തെളിഞ്ഞു ശോഭിക്കും. ഈ ഉൾക്കാഴ്ചയും പ്രത്യാശയുമാണ് നമ്മെ ആശ്വസിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നത്. ഏതൊരു കഷ്ടതയും ആ കല്ലിന്റെ ശോഭ വർദ്ധിപ്പിക്കും.

വെളിപ്പാട് പുസ്തകത്തിൽ, വരിക, കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചുതരാം എന്നു പറഞ്ഞ ദൂതൻ കാണിച്ചു കൊടുക്കുന്നത് യെരുശലേം എന്ന വിശുദ്ധനഗരം സ്വർഗ്ഗത്തിൽ നിന്നു ദൈവസന്നിധിയിൽ നിന്നു തന്നെ ദൈവതേജസ്സുള്ളതായി ഇറങ്ങുന്നതായിരുന്നു. (വെളി. 21:9,10) തുടർന്ന് ആ വിശുദ്ധനഗരത്തിന്റെ മനോഹാരിതയാണ് വർണ്ണിച്ചിരിക്കുന്നത്. ആകയാൽ കഷ്ടത നൈമിഷികവും നിത്യതയിലേക്കുള്ള മുതൽക്കൂട്ടുമാണെന്നറിഞ്ഞ് ആശ്വസിക്കയും പ്രത്യാശിക്കയും സന്തോഷിക്കയും ചെയ്യാം. ആ നിത്യതേജസ്സിനായിട്ടാണ് നാം വിളിക്കപ്പെട്ടിരിക്കുന്നതും പണിയപ്പെട്ടിരിക്കുന്നതും എന്നറിഞ്ഞ് ദൈവകരങ്ങളിൽ വിധേയപ്പെട്ടിരിക്കാം. ദൈവം കൃപ ചെയ്യട്ടെ.

**ജെസ്സി ബെൻസെൻ, കൊച്ചി.**

# ദാഹശമനം

## (യോഹ 4:4-31)

ശമര്യാക്കാരി സ്ത്രീയുമായുള്ള യേശുക്രിസ്തുവിന്റെ സംഭാഷണം ആണ് നമ്മുടെ ചിന്താവിഷയം. യേശുക്രിസ്തു യഹൂദ്യദേശം വിട്ട് ഗലീലയ്ക്ക് യാത്രയായി. അവൻ ശമര്യയിൽകൂടി കടന്നുപോകേണ്ടി വന്നു. അങ്ങനെ അവൻ സൂഖാർ എന്ന ശമര്യ പട്ടണത്തിൽ യാക്കോബ് തന്റെ പുത്രനായ യോസേഫിന്നു കൊടുത്ത നിലത്തിന്നരികെ എത്തി. അവിടെ യാക്കോബിന്റെ ഉറവുണ്ടായിരുന്നു, യേശു വഴി നടന്ന് ക്ഷീണിച്ചിട്ട് ഉറവിന്നരികെ ഇരുന്നു. അപ്പോൾ എകദേശം ആറാം മണി നേരമായിരുന്നു. ഒരു ശമര്യസ്ത്രീ വെള്ളം കോരുവാൻ വന്നു. യേശു അവളോട് എനിക്ക് കുടിപ്പാൻ തരുമോ എന്ന് ചോദിച്ചു. അവന്റെ ശിഷ്യന്മാർ ഭക്ഷണസാധനങ്ങൾ കൊള്ളുവാൻ പട്ടണത്തിൽ പോയിരുന്നു. ശമര്യസ്ത്രീ അവനോട്: നീ യഹൂദൻ ആയിരിക്കെ ശമര്യക്കാരത്തിയായ എന്നോട് കുടിപ്പാൻ ചോദിക്കുന്നത് എങ്ങനെ എന്നു പറഞ്ഞു. യഹൂദർക്കും ശമര്യർക്കും തമ്മിൽ സമ്പർക്കമില്ല. അതിന്നു യേശു: നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു എന്ന് ഉത്തരം പറഞ്ഞു. സ്ത്രീ അവനോട്, യജമാനനേ, നിനക്കു കോരുവാൻ പാത്രം ഇല്ലല്ലോ, കിണറ് ആഴമുള്ളതാകുന്നു. പിന്നെ ജീവനുള്ള വെള്ളം നിനക്ക് എവിടെ നിന്ന്? നമ്മുടെ പിതാവായ യാക്കോബിനേക്കാൾ നീ വലിയവനോ? അവൻ ആകുന്നു ഈ കിണറ് ഞങ്ങൾക്കു തന്നത്. അവനും അവന്റെ മക്കളും, മൃഗങ്ങളും ഇതിലെ വെള്ളം കുടിച്ചുപോന്നു എന്നു പറഞ്ഞു. യേശു അവളോട് ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവനിലേക്കു പൊങ്ങി വരുന്ന നീരുറവയായിത്തീരും എന്നു പറഞ്ഞു. സ്ത്രീ അവനോടു, യജമാനനേ; എനിക്കു ദാഹിക്കാതെയും ഞാൻ കോരുവാൻ ഇവിടത്തോളം വരാതെയുമിരിക്കേണ്ടതിന്നു ആ വെള്ളം എനിക്കു തരേണം എന്നു പറഞ്ഞു.

"എനിക്കു കുടിപ്പാൻ തരുമോ" എന്ന സന്ദർഭോചിതമായ മുഖവുരയോടെയാണ് യേശുക്രിസ്തു സംഭാഷണം ആരംഭിക്കുന്നത്. യഹൂദരും ശമര്യരും തമ്മിൽ സമ്പർക്കമില്ലാതിരിക്കെ തന്നോടു കുടിപ്പാൻ

ചോദിക്കുന്നതു എങ്ങനെ എന്നു പറഞ്ഞു. അതിനു യേശു നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു എന്നു ഉത്തരം പറഞ്ഞു. അത് ജീവനുള്ള വെള്ളത്തെപ്പറ്റിയും നിത്യജീവനെപ്പറ്റിയുമുള്ള സംഭാഷണമായി മാറി. യേശുക്രിസ്തു ഏറ്റവും ഘനതരമായ ഒരു വിഷയത്തിലേക്ക് അവളുടെ ശ്രദ്ധയെ തിരിച്ചു വിട്ടു. ആദ്യം ആ വിഷയത്തിൽ നിന്ന് രക്ഷപ്രാപിപ്പാൻവേണ്ടി ഒരു ചെറിയ തർക്കുത്തരം പറയാൻ അവൾ മുതിർന്നെങ്കിലും അതു ഫലിച്ചില്ല. താൻ യാക്കോബിന്റെ സന്തതി പരമ്പരയിൽപെട്ടവളാണെന്ന് പരോക്ഷമായി പറഞ്ഞു. തന്റെ ആത്മികനിലവാരത്തെപ്പറ്റി ബോദ്ധ്യപ്പെടുത്താമെന്നു അവൾ ചിന്തിച്ചെങ്കിലും അതും ഫലിച്ചില്ല. "ഈ വെള്ളം കുടിക്കുന്നവനു എല്ലാം പിന്നെയും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ദാഹിക്കയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കുള്ള ഉറവയായിത്തീരും" എന്നു യേശു തറപ്പിച്ചു പറഞ്ഞപ്പോൾ താൻ ആത്മികദാഹമുള്ളവളാണ് എന്ന് അവൾ സമ്മതിച്ചു.

യേശുക്രിസ്തുവുമായുള്ള ആ അഭിമുഖസംഭാഷണം അവളുടെ ചിന്തകളെ ഉണർത്തി. അസാധാരണ വ്യക്തിത്വമുള്ള അമ്പരപ്പിക്കുന്ന അവകാശവാദങ്ങൾ നടത്തുന്ന ഈ വ്യക്തി ആര്? അവളുടെ മനസ്സിൽ യേശുവിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ മാറിമാറി രൂപമെടുക്കാൻ തുടങ്ങി. ഒരു സാധാരണ യഹൂദൻ എന്ന രീതിയിൽ യേശുവിനെ സംബോധന ചെയ്ത സ്ത്രീ ഇപ്പോൾ യേശുവിനെ യജമാനനേ എന്നു ബഹുമാനപുരസ്സരം വിളിക്കുന്നു. ജീവനുള്ള വെള്ളം ആവശ്യപ്പെട്ടപ്പോൾ പോയി ഭർത്താവിനെ വിളിച്ചുകൊണ്ടു വരിക എന്ന അപ്രതീക്ഷിതമായ ഒരു വ്യവസ്ഥയാണ് യേശുക്രിസ്തു ഉന്നയിച്ചത്. അത് ആ സ്ത്രീയെ അസ്വസ്ഥയാക്കി. എനിക്കു ഭർത്താവില്ല എന്നു പറഞ്ഞു രക്ഷപ്പെടാമെന്ന് കരുതി അവൾ അങ്ങനെ പറഞ്ഞു. പക്ഷേ അതു കൂടുതൽ പ്രശ്നങ്ങളുണ്ടാക്കി. അവളുടെ ജീവിതത്തിലെ ഏറ്റവും വലിയ പ്രശ്നത്തിലേക്കാണ് യേശു വിരൽ ചൂണ്ടിയത്. അപ്പോഴെക്കും യേശുവിനെപ്പറ്റിയുള്ള അവളുടെ ധാരണ വീണ്ടും മാറുന്നു. യജമാനനേ, നീ ഒരു പ്രവാചകൻ എന്നു ഞാൻ കാണുന്നു എന്ന് അവൾ പറഞ്ഞു. ആ സംഭാഷണത്തിന്റെ അന്ത്യത്തിൽ യേശുക്രിസ്തു മശീഹ – അതായത് അഭിഷിക്തനായ രക്ഷിതാവാണെന്ന് അവൾ മനസ്സിലാക്കി. പിന്നെ വാദപ്രതിവാദത്തിനൊന്നും അവൾ തുനിഞ്ഞില്ല. വെള്ളം കോരാൻ കൊണ്ടു വന്ന പാത്രം കിണറ്റിനരികിൽ വെച്ചിട്ട് അവൾ പട്ടണത്തിലേക്ക് തിരിച്ചു. അവളുടെ ദാഹത്തിന്റെ കാര്യവും വെള്ളം

കോരുന്ന കാര്യവുമെല്ലാം അവൾ മറന്നുകളഞ്ഞു. അത്രമാത്രം വലിയ രൂപാന്തരം അവളിൽ സംഭവിക്കുകയായിരുന്നു.

തങ്ങൾ കാത്തിരുന്ന രക്ഷകനായ മശീഹായെ കണ്ടെത്തിയിരിക്കുന്നു എന്ന സദ്‌വാർത്ത അവൾ പട്ടണത്തിലെല്ലാവരേയും അറിയിച്ചു. ആ പട്ടണക്കാരെ യേശുവിങ്കലേക്ക് കൊണ്ടുവരാനും അതു മൂലം അവർ യേശുക്രിസ്തുവിൽ ആത്മരക്ഷ കണ്ടെത്തുവാനും തക്കവണ്ണം അവൾ മുഖാന്തരമായിത്തീർന്നു. മാത്രമല്ല, യേശുക്രിസ്തുവിൽ വിശ്വസിച്ച് അവൾ നിത്യജീവൻ പ്രാപിക്കുകയും രക്ഷിക്കപ്പെടുകയും ചെയ്തു. യേശുക്രിസ്തുവിന്റെ പ്രഭാഷണങ്ങളിൽ പലപ്പോഴും ജീവനുള്ള വെള്ളത്തെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. ദൈവത്തിൽനിന്ന് പ്രാപിക്കുന്ന ജീവനെയാണ് ജീവനുള്ള വെള്ളം എന്ന് യേശുക്രിസ്തു വിശേഷിപ്പിച്ചത്. നിത്യജീവൻ പാപത്താൽ നഷ്ടമാക്കിയ മനുഷ്യവർഗ്ഗം ഉൽക്കടമായ ആന്തരിക ദാഹമുള്ളവരാണ്. ഈ ദാഹശമനത്തിനുവേണ്ടി ലോകത്തിൽ ലഭിക്കാവുന്ന എല്ലാ സുഖസൗകര്യങ്ങളെയും വസ്തുവകകളെയും മനുഷ്യൻ ആശ്രയിക്കുന്നുണ്ടെങ്കിലും തൃപ്തി പ്രാപിക്കുന്നില്ല. ദൈവത്തോട് നിരന്ന് പാപങ്ങൾ മോചിക്കപ്പെടുമ്പോൾ നിത്യജീവൻ അവരിലേക്ക് പകരപ്പെടുമ്പോൾ മാത്രമേ മനുഷ്യന്റെ ആത്മികദാഹം ശമിക്കുകയുള്ളൂ.

പ്രിയരേ, ഒരു പക്ഷേ നിങ്ങളിലധികംപേരും സമാധാനവും, സന്തോഷവുമില്ലാതെ ആന്തരികസംതൃപ്തി ഇല്ലാത്തവരായി ജീവിതത്തിൽ ആശയില്ലാത്തവരായി ജീവിക്കുന്നവരാകാം. അങ്ങനെയെങ്കിൽ പൂർണ്ണമായ ആന്തരികസമാധാനവും സംതൃപ്തിയും ലഭിക്കുവാൻവേണ്ടി നിങ്ങൾ നിത്യജീവനെ അവകാശമാക്കുക. അനുതാപത്തോടും, മാനസാന്തരത്തോടുംകൂടി യേശുക്രിസ്തുവിങ്കൽ വന്ന്, പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് രക്ഷിക്കപ്പെട്ട്, കർത്താവിനെ രക്ഷിതാവായി അംഗീകരിച്ച് വായ്കൊണ്ടു ഏറ്റുപറയുകയും ചെയ്ക. (റോമ.10:9,10) അവന്റെ ജീവനെ വിശ്വാസത്തോടുകൂടി ഏറ്റുവാങ്ങുമ്പോൾ നിങ്ങളുടെ ആത്മികദാഹം പൂർണ്ണമായി മാറുകയും നിങ്ങൾ ജീവിതത്തിൽ സന്തോഷവും സമാധാനവും സംതൃപ്തിയുമുള്ളവരായിത്തീരുകയും ചെയ്യും.

**മോളിക്കുട്ടി ചാക്കോ, കണ്ണൂർ.**

*“മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുത്;*
*അവൻ ശാസിക്കുമ്പോൾ മുഷികയുമരുത്”.*
*എബ്രായർ 12:5*

# വിശ്വാസിയും, വിശ്വാസവും

വിശ്വാസത്തിൽ സ്ഥിരതയോടെ ഉറച്ചുനില്ക്കുവാൻ കഴിയാത്തതിനാൽ അനേകരുടെയും വിശ്വാസജീവിതം തകർന്നുപോകുവാൻ ഇടയായ ചരിത്രം തിരുവചനത്തിൽ നമുക്ക് ഒരു മുന്നറിയിപ്പായി രേഖപ്പെടുത്തിയിരിക്കുന്നു. മിസ്രയീമിൽ നിന്നും ഇറങ്ങിത്തിരിച്ച മിക്കപേർക്കും കനാൻ നാട്ടിൽ എത്തിച്ചേരാൻ കഴിയാഞ്ഞതിന്റെ കാരണം എബ്രായർ 3:12-19 വരെയുള്ള ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നു.

**പ്രധാനമായി മൂന്നു കാരണങ്ങളാണ് ഇവിടെ കാണുന്നത്.**

1. അവിശ്വാസമുള്ള ദുഷ്ടഹൃദയം നിമിത്തം അവർ ജീവനുള്ള ദൈവത്തെ ത്യജിച്ചു കളഞ്ഞു.
2. ആദ്യവിശ്വാസം അവസാനത്തോളം മുറുകെ പിടിച്ചുകൊള്ളാൻ കഴിഞ്ഞില്ല.
3. അവിശ്വാസം നിമിത്തം അവർക്ക് വാഗ്ദത്ത കനാനിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല.

പൗലൊസിന് തന്റെ വിശ്വാസജീവിതത്തിൽ വിവിധ പ്രതികൂലങ്ങളിലൂടെ കടന്നുപോകേണ്ടി വന്നു. 2 തിമൊ. 4-ൽ അദ്ദേഹം കടന്നുപോയ പ്രതിസന്ധികളിൽ ചിലത് കാണാം. തന്റെ കൂട്ടുപ്രവർത്തകർ തന്നെ വിട്ടുപോയി. ദേമാസ് തന്നെ വിട്ടു ഈ ലോകത്തെ സ്നേഹിച്ച് തെസ്സലൊനീക്കയിലേക്കുപോയി. ക്രേസ്കേസ് ഗലാത്യയിലേക്കും, തീത്തൊസ് ദല്മാത്യയ്ക്കും പോയി. ചെമ്പുപണിക്കാരനായ അലെക്സന്തർ പൗലൊസിന് വളരെ ദോഷം ചെയ്തു. തന്റെ ഒന്നാം പ്രതിവാദത്തിൽ ആരും തുണ നിന്നില്ല. സിംഹത്തിന്റെ വായിൽ ഇരയായി തീരേണ്ട സാഹചര്യം ഉണ്ടായി. മിലേത്തിൽ ത്രോഫിമൊസിനെ രോഗിയായി വിട്ടേച്ചു പോന്നു. അതായത് ഒരു കൂട്ടുപ്രവർത്തകനെ രോഗിയായി തീർന്നതുനിമിത്തം വിട്ടിട്ടുപോകേണ്ടി വന്നതിന്റെ മാനസിക ഭാരങ്ങൾ ഇങ്ങനെ പല സാഹചര്യങ്ങളിൽകൂടി പോയപ്പോഴും വിശ്വാസം വിട്ടുപോകാതെ കാത്തുസൂക്ഷിച്ചതുകൊണ്ടാണ് തനിക്ക് ഉറപ്പോടെ പറയുവാൻ കഴിഞ്ഞത്, ഞാൻ "നല്ല പോർ പൊരുതി, ഓട്ടം തികെച്ചു. വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു" എന്ന്.

**വിശ്വാസത്തിന്റെ ദർശനം.**

കല്ദയർ ദേശത്തെ ആക്രമിച്ചു മുടിച്ചുകൊണ്ടിരിക്കുന്നത് കണ്ടതു കൊണ്ടാണ് ഹബക്കൂക്ക് ആവലാതി പറയുകയും പിറുപിറുക്കുകയും ചെയ്തത്. ദൈവം സ്ഥിതി മാറ്റുന്നത് വിശ്വാസത്താൽ ദർശിക്കുകയും അതു എഴുതുകയും വരയ്ക്കുകയും ചെയ്യണമെന്ന് ദൈവം തന്നോടു പറഞ്ഞു. ദർശനം കാണാൻ തുടങ്ങിയ ഹബക്കൂക്ക് അത്തിവൃക്ഷം തളിർക്കുന്നതും മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകുന്നതും ഒലിവു മരത്തിൽ ഫലം ഉണ്ടാകുന്നതും, നിലങ്ങൾ ആഹാരം വിളയിക്കുന്നതും ആട്ടിൻകൂട്ടം തൊഴുത്തിൽ വർദ്ധിച്ചു പെരുകുന്നതും ഗോശാലകൾ കന്നുകാലികൾകൊണ്ടു നിറയുന്നതും ദേശത്തിലെ ശൂന്യതകൾ ദൈവം മാറ്റുന്നതും ദർശനത്തിൽ കണ്ടു. അകത്ത് വിശ്വാസമുള്ളവർക്കേ ദൈവം പ്രവർത്തിക്കാൻ പോകുന്നതിനെക്കുറിച്ചുള്ള ദർശനങ്ങൾ കാണാൻ കഴിയുകയുള്ളൂ. പ്രതീക്ഷയ്ക്ക് വിപരീത അനുഭവം ഉണ്ടാകുമ്പോഴും ശൂന്യതയും നാശവും കാണുമ്പോഴും വിശ്വാസത്തിന് നാശം ഭവിക്കരുത്. വിശ്വാസത്താൽ സൗഖ്യം വരുന്നതും, നന്മ വരുന്നതും ജനങ്ങൾ രക്ഷിക്കപ്പെടുന്നതും, കൂട്ടം കൂട്ടമായി സ്നാനപ്പെടുന്നതിന് ഇറങ്ങുന്നതും ആലയം നിറച്ച് ആളുകൾ ഇരുന്ന് ദൈവത്തെ ആരാധിക്കുന്നതും പുതിയ സഭകൾ പണിയപ്പെടുന്നതും, അനേകരെ സുവിശേഷ വേലയ്ക്ക് വേർതിരിക്കുന്നതും ബൈബിൾ സ്കൂളുകളിൽ അനേകർ സമർപ്പണത്തോടെ എത്തുന്നതും വിശ്വസത്താൽ ദർശിക്കാം.

**ദർശനങ്ങൾ കാണുവാൻ എന്തു ചെയ്യണം:**

ഹബക്കൂക് 2:2 ൽ ചില കാര്യങ്ങൾ ദൈവം ഹബക്കൂക്കിനോടു പറഞ്ഞു

1. ദർശനം കാണണം
2. ദർശനം എഴുതണം.
3. ഓടിച്ചുവായിപ്പാൻ തക്കവണ്ണം വലുതായി എഴുതണം.

(ചില തർജ്ജമയിൽ വായിക്കുന്നവർ ദർശനം പ്രാപിച്ചു ഓടത്തക്കനിലയിൽ വ്യക്തമായി എഴുതിവയ്ക്കണം എന്നാണ്)

വിശ്വാസത്തിൽ സ്ഥിരതയോടെ ഉറച്ചു നില്ക്കുന്നതിനാൽ ഈ ലോകത്തിലെ ജീവിതത്തിലും, നിത്യരാജ്യത്തിലും ശ്രേഷ്ഠമേറിയ അനുഗ്രഹങ്ങൾ ആണ് ഉണ്ടാകുന്നത്. അതുകൊണ്ട് ഒരിക്കൽ വിശ്വാസത്തിൽ നിന്നതുകൊണ്ടാകില്ല. വിശ്വാസത്തെ മുറുകെ പിടിച്ച് അവസാനനിമിഷംവരെ നിലനില്ക്കുകയാണ് വിശ്വാസിയുടെ കടമ. അങ്ങനെയെങ്കിൽ വിശ്വാസത്തിന്റെ ശക്തി എത്ര വലുതെന്ന് അനുഭവിച്ചറിയുവാൻ ഓരോദിവസവും ഇടയാകും. അതിന് ദൈവം കൃപ നല്കട്ടെ.

**കുഞ്ഞുമോൾ ഈപ്പച്ചൻ, തിരുവനന്തപുരം**

# നാരീജനത്തിൽ അനുഗ്രഹം ലഭിച്ച യായേൽ

അധികമാരും പ്രസംഗിക്കാത്തതും പഠിപ്പിക്കാത്തതുമായ ഒരു ധീരവനിതയായ "യായേൽ" നമുക്കു തരുന്ന പാഠം നാം ചിന്തിക്കുന്നതിലുമധികം പ്രാധാന്യമർഹിക്കുന്ന ഒന്നാകുന്നു. "കേന്യനാം ഹേബെരിൻ ഭാര്യ"! കനാന്യരാജാവിന്റെ സേനാപതിയായിരുന്ന, തൊള്ളായിരം ഇരിമ്പു രഥങ്ങൾ ഉണ്ടായിരുന്ന ശക്തനും ധീരനുമായ ഒരു സൈന്യാധിപനെ ഏകയായി കൊന്ന് യിസ്രായേലിനെ രക്ഷിച്ച ധീരവനിത. അവൾ ചെയ്ത ധീരകൃത്യം മറ്റൊരു സ്ത്രീകളും ചെയ്യുവാൻ ധൈര്യപ്പെടാത്ത ഒന്നായിരുന്നു എന്ന് ന്യായാധിപന്മാർ 4-ാം അദ്ധ്യായത്തിൽ കാണുന്നുവല്ലോ, ആ റാണി "നാരീജനത്തിൽ അനുഗ്രഹം ലഭിച്ച സ്ത്രീ. കേന്യനായ ഹേബെരിന്റെ ഭാര്യ!'' മോശെയുടെ അളിയനായ ഹൊബാബ്! കൂടാരവാസികളായി എവിടെയെങ്കിലും സമാധാനമായി ജീവിക്കുവാൻ ആഗ്രഹിച്ച ഒരിടത്തും സ്ഥിരവാസമില്ലാതെ ജീവിച്ച ഈ കേന്യരേക്കുറിച്ച് 1 ശമൂ. 15:6 ലും, സംഖ്യ. 24:21-22 ൽ കാണാം. ഉൽപത്തി 15:19-ൽ ഇവർ കനാന്യരായിരുന്നു എന്ന് മനസ്സിലാക്കാം. ഇവർ ലോഹ നിർമ്മിതമായ ആയുധങ്ങളും മറ്റും ഉണ്ടാക്കുന്നവരാകകൊണ്ട് കയീന്റെ വംശത്തിൽപ്പെട്ട തൂബൽ കയീന്റെ വംശത്തിൽപെട്ടവരാകുന്നു എന്നു സംശയിക്കുന്നവരുമുണ്ട്. യിസ്രായേൽ മക്കൾ മിസ്രയീമിൽനിന്നും പുറപ്പെട്ടുപോന്നപ്പോൾ ഈ കേന്യർ അവരോടു ദയ തോന്നി അവരെ സഹായിച്ചതായി 1 ശമൂ. 15:6-ൽ നിന്നും മനസ്സിലാക്കാം. കേന്യർ യിസ്രായേല്യരായിരുന്നില്ല. എങ്കിലും അവരുടെ ഇടയിൽ പാർത്ത് അവരുടെ മിത്രങ്ങളായി തീർന്ന ഒരു കൂടാരവാസികളായിരുന്നു. ന്യായാധിപന്മാരുടെ കാലത്തു ഈ കേന്യനായ ഹേബെരിന്റെ ഗൃഹവും, ഹാസോർ രാജാവായ യാബീനും തമ്മിൽ സമാധാന ബന്ധത്തിൽ കഴിഞ്ഞിരുന്നു. അതുകൊണ്ടാണല്ലോ സീസേരാ ധൈര്യ സമേതം കാൽനടയായി യാതൊരു ശങ്കയുമില്ലാതെ യായേലിന്റെ കൂടാരത്തിലേക്ക് ചെന്നത്. പക്ഷെ അവർ തമ്മിലുള്ള സൗഹൃദത്തിന്റെ പേരിൽ യായേലിന്, സീസേരയെ രക്ഷിക്കാമായിരുന്നു. എന്നാൽ യിസ്രായേലിന്റെ ദൈവമായ യഹോവ അവളെ തന്റെ ജനത്തിന്റെ ശത്രുവിനെ നിഗ്രഹിക്കുവാൻ നേരത്തേ തന്നെ തീരുമാനിച്ചിരുന്നു. ദൈവം അതു ദെബോരായ്ക്ക് വെളിപ്പെടുത്തുകയും ചെയ്തിരുന്നു.

'യായേൽ' എന്ന പേരിന്റെ അർത്ഥം 'കാട്ടാട്'. (A wild or mountain goat) 'യായേൽ' എത്ര ബുദ്ധിയോടും തന്ത്രപരമായുമായിരുന്നു ഒരു സൈന്യാധിപനെ, അതും അവർ തമ്മിൽ സൗഹൃദത്തിലുമായിരുന്ന

മാന്യനായ വ്യക്തിയെ വകവരുത്തിയത്. സാധാരണ ഒരു പുരുഷനും (സ്വന്തം ഭർത്താവല്ലാതെ) ഒരു സ്ത്രീയുടെ കൂടാരത്തിൽ പ്രവേശി ക്കാറില്ല. എന്നാൽ മഴ നനഞ്ഞും, യുദ്ധത്തിൽ പൊരുതി ക്ഷീണിച്ചും, തളർന്നും, ദാഹിച്ചും വന്ന ഒരു മിത്രത്തെ തന്ത്രപരമായി നല്ല ഒരതിഥി സത്ക്കാരമാണ് അവൾ അദ്ദേഹത്തിനു നല്കിയത്. യുദ്ധത്തിൽ തോറ്റു വന്ന ശത്രുവിന് അഭയം നല്കി എന്നു യിസ്രായേൽ അറിഞ്ഞാൽ ഉണ്ടാകാൻ പോകുന്ന വിപത്ത് അറിഞ്ഞുകൊണ്ടുതന്നെയാണ് അവൾ സീസേരയെ ഒരു സംശയവും തോന്നാതെ സ്നേഹത്തോടും കരുത ലോടും കൂടെ സ്വീകരിച്ച് അഭയം നല്കിയത്. അവളുടെ ഭർത്താവും, സീസേരയും രാജാവുമൊക്കെ തമ്മിൽ തമ്മിൽ മിത്രങ്ങളായിരുന്നു. യിസ്രായേലിലെ ഒരു പടയാളിയും തന്റെ കൂടാരത്തിലേക്കു വരിക യില്ല എന്നും അവൾ അറിഞ്ഞിരുന്നു. സീസേരയുടെ പിന്നാലെ ആരെ ങ്കിലും അയാളെതേടി വരാതിരിക്കയില്ല എന്നും അവൾ അറിഞ്ഞി രുന്നു. പക്ഷേ സീസേരയ്ക്ക് ആ ഭയം ഉണ്ടായിരുന്നു. അതുകൊണ്ടാ ണല്ലൊ അയാൾ അവളോട് : “നീ കൂടാരവാതില്ക്കൽ നില്ക്ക, വല്ല വനും വന്ന് ഇവിടെ ആരെങ്കിലും ഉണ്ടോ എന്ന് ചോദിച്ചാൽ ഇല്ല എന്നു പറയണം എന്നു പറഞ്ഞത്”. അയാൾക്ക് അവളിൽ അത്രയും വിശ്വാസമുണ്ടായിരുന്നു. നോക്കുക, യായേലിന്റെ അവസ്ഥ! എത്ര വലിയ സാഹസമാണ് അവൾ ചെയ്തത്. ഒരു സംശയവും തോന്നാതെ പാൽ നല്കി സല്ക്കരിച്ച് പരവതാനിയിൽ പുതപ്പിച്ച് സുരക്ഷിതമാ ക്കിയശേഷം കൂടാരത്തിന്റെ കുറ്റി എടുത്ത് കൈയിൽ ചുറ്റികയും പിടിച്ച് കുറ്റി അയാളുടെ ചെന്നിയിൽ തറച്ച്, നിലത്തും ചെന്നു തറയ്ക്കത്തക്ക ശക്തിയോടെ അടിച്ചിറക്കി എന്നു പറഞ്ഞാൽ അസാമാന്യ ധീരതയും ശക്തിയുമില്ലാതെ അതു സാദ്ധ്യമല്ല എന്നറിയാം. എന്നാൽ യിസ്രാ യേലിന്റെ ദൈവമായ യഹോവ ദാവീദിന്റെ കൈയിലിരുന്ന ഒരു കല്ലു കൊണ്ട് മല്ലനായ ഗോല്യാത്തിന്റെ നെറ്റിയിൽ തറച്ചു തലതല്ലി താഴെ വീണു മരിക്കാനിടവരുത്തി എങ്കിൽ യിസ്രായേലിന്റെ ശത്രുവായ ധീര നായ സൈന്യാധിപനെ ഒരു സ്ത്രീയുടെ കൈയാൽ വകവരുത്താ നാണോ പ്രയാസം? നമ്മുടെ ദൈവം അസാദ്ധ്യകാര്യങ്ങളെ സാദ്ധ്യ മാക്കാൻ കഴിവുള്ള സർവ്വശക്തനായ പരമാധികാരിയാകുന്നു എന്ന തിന് ഇതിലേറെ വലിയ തെളിവു വല്ലതും വേണോ?

പ്രിയമുള്ളവരെ, ‘യായേൽ’ നമുക്കു തരുന്ന പാഠങ്ങൾ എന്തൊ ക്കെയാണ്. കേവലം കൂടാരവാസിനിയായിരുന്ന യായേൽ ഒരു കനാന്യ സ്ത്രീയായിരുന്നെങ്കിലും സ്ഥിരവാസമില്ലാതെ പലരുടേയും ഇടയിൽ വസിച്ച് പല സ്വഭാവക്കാരും ജീവിതരീതികളുമായി പൊരുത്തപ്പെട്ടവ ളായിരുന്നു. അദ്ധ്വാനശീലമുള്ള കൈയായതുകൊണ്ടാണല്ലോ കൂടാര

ത്തിന്റെ കുറ്റിയും, ചുറ്റികയും കരങ്ങളിലെടുത്ത് പരിശീലിക്കാനിടയായത്. അവൾ നല്ല ബുദ്ധിയും, ധൈര്യവും മനോബലവും ഉള്ളവളായിരുന്നു. സന്ദർഭോചിതംപോലെ പ്രവർത്തിക്കാനുള്ള വിവേകം അവൾക്കുണ്ടായിരുന്നു. യിസ്രായേൽ ജനങ്ങളുടെ ഇടയിൽ  പാർത്തതുകൊണ്ട് അവരുടെ ജീവിതരീതികളും, അവർ സേവിക്കുന്ന സർവ്വശക്തനായ ജീവനുള്ള ദൈവത്തേക്കുറിച്ചും നല്ല അറിവുള്ളവളായിരുന്നു. യിസ്രായേൽ ഒരു പ്രത്യേകജനമായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനമാണെന്നും അവരെ സഹായിക്കുന്നവരെ ദൈവം സഹായിക്കും എന്ന് അവൾ  അറിഞ്ഞിരുന്നു.

പ്രിയമുള്ളവരേ, നമ്മെ ഓരോരുത്തരേയും ദൈവത്തിന് ആവശ്യമുണ്ട്. ഇന്നു നാം ഒരു യുദ്ധക്കളത്തിലാണ് ജീവിക്കുന്നത്. നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല. വാഴ്ചകളോടും, അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും, സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും ആകുന്നു. അതുകൊണ്ട് നാം എപ്പോഴും ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കേണം എന്നു കല്പിച്ചിരിക്കുന്നു. യായേലിന്റെ കൈയിൽ വാളോ, കുന്തമോ, തോക്കോ ഒന്നും ഉണ്ടായിരുന്നില്ല. പക്ഷേ തക്ക സമയത്ത് അവളുടെ  വിവേകം പ്രവർത്തിച്ചതിന്റെ ഫലമായി കൂടാരത്തിന്റെ കുറ്റിയും, ചുറ്റികയും കൊണ്ട്  ഒരു ധീരയോദ്ധാവിനെ സംഹരിക്കാനുള്ള ശക്തി ദൈവമാണ് അവൾക്കു നല്കിയത്. ദൈവം നമ്മെ എടുത്തുപയോഗിക്കുമ്പോൾ അതിനുള്ള ശക്തിയും ബുദ്ധിയും വിവേകവും, ധൈര്യവും ദൈവം നമുക്ക് നല്കിക്കൊള്ളും. നാം ഒരുങ്ങിയിരിക്കണം എന്നേയുള്ളൂ. അങ്ങനെ ദൈവത്തിന്റെ കരങ്ങളിലെ ഇണങ്ങിയ ആയുധമായി ഏതു വലിയ ശത്രുവിനേയും തോല്പിച്ചു വിജയം കൈവരിക്കുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ. യായേലിനേപ്പോലെ ധൈര്യമുള്ളവരായി, വിശ്വാസവീരന്മാരായി, ദൈവഹിതം അറിഞ്ഞ് നല്ലപോരാട്ടം പോരാടി വിജയിക്കുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ. യായേലിനെപ്പോലെ നാം ഓരോരുത്തരും "ദൈവത്താൽ അനുഗ്രഹം പ്രാപിച്ചവർ" എന്ന് ലോകം അറിയട്ടെ. കേവലം കൂടാരവാസിനിയായ ഒരു സ്ത്രീ "നാരീജനത്തിൽ അനുഗ്രഹം ലഭിച്ചവൾ" എന്ന പേരു ലഭിപ്പാൻ അവൾ തന്റെ ജീവനേപ്പോലും ബലിയർപ്പിച്ചിട്ടാണ് ഇത്ര വലിയ വിജയം കൈവരിച്ചത്. അതു നമ്മുടെ മാതൃകയായിരിക്കട്ടെ. എനിക്കൊരു കഴിവുമില്ല എന്നു പറയരുത്. നമ്മുടെ കഴിവല്ല "യഹോവ എന്റെ ബലം" എന്ന ഉറപ്പും ധൈര്യവുമുള്ളവരായി ഏതു പ്രതിസന്ധികളേയും വിജയകരമായി തരണം ചെയ്യുവാൻ "യായേൽ" നമ്മെ വെല്ലു വിളിക്കുന്നു. നമുക്കു നേരിടാം.

**എൽസി ബേബി, ന്യൂയോർക്ക്.**

# കിളിവാതിൽ

എബ്രായ അക്ഷരമാലയിൽ 22 അക്ഷരങ്ങളാണുള്ളത്. ബൈബിളിലെ 119-ാം സങ്കീർത്തനം 22 ഖണ്ഡികകളായി തിരിച്ചിരിക്കുന്നു. ഓരോ ഖണ്ഡികയ്ക്കും ശീർഷകമായി ഈ അക്ഷരങ്ങളാണ് കൊടുത്തിരിക്കുന്നത് (ആലേഫ്-തൌ). ഓരോ അക്ഷരവും ഓരോ ചിത്രങ്ങളായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. 'ഹേ' എന്ന അഞ്ചാമത്തെ അക്ഷരത്തിനു ജന്നലിന്റെ രൂപമാണുള്ളത്. ബൈബിളിൽ ജന്നലിനു പൊതുവേ കിളിവാതിൽ എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. വിശ്വാസിയുടെ പ്രാർത്ഥനാജീവിതത്തെയാണ് കിളിവാതിൽ വെളിപ്പെടുത്തുന്നത്. തിരുവചനത്തിൽ അനേക കിളിവാതിലുകൾ കാണാം.

**(1) പെട്ടകത്തിന്റെ കിളിവാതിൽ**

ദൈവം മനുഷ്യനെ സൃഷ്ടിച്ചു. കാലങ്ങൾ പിന്നിട്ടപ്പോൾ മനുഷ്യൻ ഭൂമിയിൽ പെരുകിത്തുടങ്ങി. അതോടെ പാപവും അവരുടെ ഇടയിൽ വർദ്ധിച്ചു. യഹോവ ഭൂമിയെ നോക്കി. അതു വഷളായി എന്നു കണ്ടു. സകല ജഡവും ഭൂമിയിൽ തന്റെ വഴി വഷളാക്കിയിരിക്കുന്നു. യഹോവ അവരെ ഭൂമിയോടുകൂടെ നശിപ്പിക്കുവാൻ തീരുമാനിച്ചു. എന്നാൽ നോഹെയ്ക്കു യഹോവയുടെ കൃപ ലഭിച്ചു. നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്ക്കളങ്കനുമായിരുന്നു.

യഹോവ നോഹയോടു കല്പിച്ചതെന്തെന്നാൽ: നീ ഗോഫർ മരം കൊണ്ട് ഒരു പെട്ടകം ഉണ്ടാക്കുക. ഉൽപ.6:16 'പെട്ടകത്തിനു ഒരു കിളിവാതിൽ ഉണ്ടാക്കേണം; മേൽനിന്നു ഒരു മുഴം താഴെ അതിനെ വെക്കേണം' എന്തിനാണ് പെട്ടകത്തിനു കിളിവാതിൽ? സാമാന്യ ബുദ്ധിയിൽ ചിന്തിക്കുമ്പോൾ പെട്ടകത്തിനുള്ളിൽ വായുവും വെളിച്ചവും പ്രവേശിക്കുവാനാണ് കിളിവാതിൽ നിർമ്മിച്ചിരിക്കുന്നതെന്നു കരുതും. ഉൽപ. 8: 6,7 നോഹ താൻ പെട്ടകത്തിനു ഉണ്ടാക്കിയിരുന്ന കിളിവാതിൽ തുറന്നു. 'അവൻ ഒരു മലങ്കാക്കയെ പുറത്തു വിട്ടു.' അതായത് ചില പ്രത്യേക ആവശ്യങ്ങൾക്കായി നിർമ്മിച്ചിരിക്കുന്നതാണ് പെട്ടകത്തിലെ കിളിവാതിൽ. പെട്ടകത്തിലെ ഓരോ തട്ടിലും വായുവും വെളിച്ചവും ലഭിക്കുവാൻ തീർച്ചയായും മറ്റു സംവിധാനമുണ്ടായിരിക്കും.

പെട്ടകത്തിലെ കിളിവാതിലിന്റെ ഉപയോഗത്തെക്കുറിച്ചു ആത്മീയമായി ചിന്തിക്കാം. പെട്ടകത്തിനുള്ളിൽ എട്ടു മനുഷ്യരെ കൂടാതെ

ബലശാലികളും, പിണക്കക്കാരുമായ വിവിധ മൃഗങ്ങളും ജീവികളുമുണ്ട്. എപ്പോൾ വേണമെങ്കിലും പെട്ടകത്തിൽ പ്രശ്നങ്ങൾ ഉടലെടുക്കാം. പെട്ടകത്തിനാകെയുള്ള ഒരേ ഒരു വാതിൽ ദൈവം പുറത്തു നിന്നു അടച്ചിരിക്കുന്നു. ഇപ്രകാരമുള്ള പശ്ചാത്തലത്തിൽ പെട്ടകത്തിനുള്ളിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ നോഹെക്കു ദൈവവുമായി ബന്ധം പുലർത്താനാണ് ഈ കിളിവാതിൽ എന്നു ചിന്തിക്കുന്നതാണ് ഏറെ യോജിച്ചത്. പ്രാർത്ഥനയുടെ കിളിവാതിൽ. വഷളത്തം നിറഞ്ഞ ലോകത്തെ നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചപ്പോൾ നോഹയെയും കുടുംബത്തെയും ദൈവം ഓർത്തു. അവർക്കായാണ് പെട്ടകം നിർമ്മിക്കപ്പെട്ടത്. നാമും വഷളത്തം നിറഞ്ഞ ലോകത്തിൽ ജീവിക്കുന്നു. അന്നു ഭൂമിയെ വെള്ളത്താൽ നശിപ്പിച്ചുവെങ്കിൽ ദൈവം ഇനി ഭൂമിയെ തീയാൽ നശിപ്പിക്കുവാൻ പോകുകയാണ്. എന്നാൽ ദൈവമക്കൾ കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ എടുക്കപ്പെടും. നമുക്കു ഇപ്പോൾത്തന്നെ ക്രിസ്തുവാകുന്ന പെട്ടകത്തിൽ സങ്കേതം അഥവാ അഭയം ലഭിച്ചിരിക്കുന്നു. ലോകം ദൈവത്തിന്റെ ന്യായവിധിയിൽ അമരുമ്പോൾ നാം പെട്ടകത്തിൽ സുരക്ഷിതരായിരിക്കും. നാം ഇപ്പോൾ പെട്ടകത്തിലാണ്. പെട്ടകത്തിൽ കഴിയുന്ന വിശ്വാസികളായ നമുക്കു ഒരു കിളിവാതിൽ ഉണ്ട്. ക്രിസ്തുവാകുന്ന കിളിവാതിൽ. ഭവനത്തിനകത്തു സുഖമായി പാർക്കുന്ന വിശ്വാസി ദൈവവുമായി കിളിവാതിലിലൂടെ ബന്ധപ്പെടാറുണ്ടോ? കിളിവാതിലിലൂടെയുള്ള നോട്ടം എപ്രകാരം? ലോകത്തിന്റെ മോഹങ്ങളിലേക്കും ജഡികാഭിലാഷത്തിനായും ഉപയോഗിക്കുകയാണോ? ഒരുനാൾ കണക്കു കൊടുക്കേണ്ടി വരും. 'ജഡമോഹം കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു' (1 യോഹ. 2:16).

**(2) രാഹാബിന്റെ വീടിന്റെ കിളിവാതിൽ** (യോശു. 2:15,17,21)

ദുഷ്ടജനമായ യെരീഹോനിവാസികളിൽ നിന്നും ദൈവം രക്ഷിച്ച പാപിനിയായ സ്ത്രീയായിരുന്നു രാഹാബ്. രാഹാബിന്റെ ജീവിതത്തിലും ഒരു കിളിവാതിൽ ഉണ്ട്. യെരീഹോ പട്ടണം ഒറ്റുനോക്കുവാൻ യോശുവ രണ്ടുപേരെ അയച്ചു. അവർ യെരീഹോപട്ടണത്തിന്റെ മതിലിന്മേൽ പണിതിരുന്ന കെട്ടിടത്തിൽ പാർത്തിരുന്ന രാഹാബ് എന്ന സ്ത്രീയുടെ അടുക്കൽ ചെന്നു. അവൾ ഒറ്റുകാരെ സ്വീകരിച്ചു. അവൾ ഒരു ദുഷിച്ച സ്ത്രീ ആയിരുന്നെങ്കിലും യിസ്രായേലിനെ വഴി നടത്തിയ ദൈവത്തെപ്പറ്റി അറിഞ്ഞവളായിരുന്നു. യോശു.2:10,11 നിങ്ങൾ മിസ്രയീമിൽ നിന്നു പുറപ്പെട്ടുവരുമ്പോൾ യഹോവ നിങ്ങൾക്കുവേണ്ടി ചെങ്കടലിലെ വെള്ളം വറ്റിച്ചതും ... ഞങ്ങൾ കേട്ടു. യോശു.2:17 നീ ഞങ്ങളെ ഇറക്കിവിട്ട ഈ കിളിവാതിൽക്കൽ ഒരു ചുവപ്പു ചരടു കെട്ടുകയും.....' യോശു.6:25 അവളെയും അവളുടെ പിതൃഭവനത്തെയും

അവൾക്കുള്ള സകലത്തെയും ജീവനോടെ രക്ഷിച്ചു.' രാഹാബിന്റെ ജീവിതത്തിലെ കിളിവാതിൽ അവളുടെ രക്ഷാവാതിൽ ആയിത്തീർന്നു. അവൾ അനുഗ്രഹിക്കപ്പെട്ടവളായി. യേശുക്രിസ്തുവിന്റെ വംശാവലിയിൽ അവൾക്കു സ്ഥാനം ലഭിച്ചു. എബ്രായലേഖനത്തിൽ വിശ്വാസത്തിന്റെ സാദൃശ്യമായി രാഹാബിന്റെ പേർ ചേർക്കപ്പെട്ടിരിക്കുന്നു.

**(3) ദാനീയേലിന്റെ മാളികമുറിയുടെ കിളിവാതിൽ** (ദാനീ. 6:10)

എന്നാൽ രേഖ എഴുതിയിരിക്കുന്നു എന്നു ദാനീയേൽ അറിഞ്ഞപ്പോൾ അവൻ വീട്ടിൽ ചെന്നു അവന്റെ മാളികമുറിയുടെ കിളിവാതിൽ യെരുശലേമിനു നേരെ തുറന്നിരുന്നു. താൻ മുമ്പെ ചെയ്തുവന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു. ദാനീയേൽ തന്റെ ജീവിതത്തിൽ പ്രതിസന്ധി ഉണ്ടായപ്പോൾ അവന്റെ മാളികമുറിയുടെ കിളിവാതിലിലൂടെ ദൈവത്തോടു ബന്ധപ്പെട്ടു. പ്രിയവിശ്വാസികളേ, പ്രയാസങ്ങൾ വരുമ്പോൾ ദൈവത്തോടു ബന്ധപ്പെടുക. സകലത്തിനും സ്തോത്രം ചെയ്യുക. കാരാഗൃഹത്തിൽ രണ്ടു ചങ്ങലയാൽ ബന്ധിതനായ പൗലൊസ് പറയുന്നു കർത്താവിൽ സന്തോഷിപ്പിൻ. അടി കൊണ്ടു വേദനയേറ്റു ശരീരമാകെ ചോരയൊലിച്ച സന്ദർഭത്തിൽ പൗലൊസും, ശീലാസും തടവറയിൽ കിടന്നു ദൈവത്തെ ഉച്ചത്തിൽ പാടി സ്തുതിച്ചു. തന്റെ ദാസന്മാരുടെ സ്തോത്രസ്വരം കേട്ട സ്വർഗ്ഗത്തിലെ ദൈവം അത്ഭുതം പ്രവർത്തിച്ചു. ഭൂമി കുലുക്കി അവരെ സ്വതന്ത്രരാക്കി. നിരാശയുടെ വേളയിൽ സ്തോത്രം പറയുവാൻ സാധിക്കുമോ? എങ്കിൽ നിങ്ങൾ ദാനീയേലിനെപ്പോലെ ഉയർത്തപ്പെടും. സംശയം വേണ്ടാ.

**(4) അനുഗ്രഹത്തിന്റെ കിളിവാതിൽ** (മലാഖി. 3:10)

എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിന്നു നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവിൻ. ഞാൻ നിങ്ങൾക്കു ആകാശത്തിന്റെ കിളിവാതിലുകളെ തുറന്നു, സ്ഥലം പോരാതെവരുവോളം നിങ്ങളുടെമേൽ അനുഗ്രഹം പകരുകയില്ലയോ?' ദൈവത്തിനു നല്കേണ്ടതു നല്കാതെ ദൈവജനം ദൈവത്തെ തോൽപ്പിക്കുന്നു. ഇങ്ങനെ ചെയ്യുന്നതിനാൽ നിങ്ങൾ ശാപഗ്രസ്തരാകുകയും വിളവുകൾ കീടങ്ങൾക്കിരയായി തീരുകയും ചെയ്യുമെന്നു പ്രവാചകൻ പറയുന്നു. ദൈവജനം ദശാംശത്തിലും എത്രയോ അധികം കൊടുക്കുവാൻ ബാദ്ധ്യസ്ഥരാണ്. ലൂക്കൊ. 6:38 "കൊടുപ്പിൻ; എന്നാൽ നിങ്ങൾക്കു കിട്ടും, അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നുകിട്ടും.'

**അപകടമുന്നറിയിപ്പായുള്ള കിളിവാതിലുകളുണ്ട്**

**(1) മറ്റുള്ളവർ നമ്മെ ഉറ്റുനോക്കുന്ന കിളിവാതിൽ** (ഉൽപ. 26:8)

ദൈവപൈതലിന്റെ കള്ളം തെളിയിക്കപ്പെട്ട കിളിവാതിൽ

'അബീമേലെക്ക് കിളിവാതില്ക്കൽകൂടി നോക്കി യിസ്ഹാക്ക് തന്റെ ഭാര്യയായ റിബെക്കയോടുകൂടെ വിനോദിക്കുന്നതു കണ്ടു.' പ്രയാസ ത്തിന്റെയും ഞെരുക്കത്തിന്റെയും വേളയിൽ ദൈവദാസന്മാരുടെ ജീവി തത്തിൽ പാളിച്ചകൾ സംഭവിക്കാറുണ്ട്. ക്ഷാമകാലത്തു അബ്രഹാം മിസ്രയീമിലേക്കിറങ്ങിപ്പോയി. തന്റെ മകനായ യിസ്ഹാക്കും ഞെരുക്ക ത്തിന്റെ സമയത്തു ഫെലിസ്ത്യദേശത്തേക്കു പോയി. അബ്രഹാമിനെ പ്പോലെ ഭാര്യയെ പെങ്ങൾ എന്നു പറയേണ്ടി വന്നു. പുറജാതി രാജാ വിന്റെ മുമ്പിൽ ദൈവത്തിന്റെ മകൻ അപമാനിതനായി. ദൈവനാമ ത്തിനു ക്ഷതം സംഭവിക്കുന്നു. പുറജാതിരാജാവു ദൈവദാസനെ ശാസിക്കുന്നു. മറ്റുള്ളവർ നമ്മെ കിളിവാതിലിലൂടെ നോക്കുമ്പോൾ നല്ലതു പറയുവാൻ ഇടയാകട്ടെ.

**(2) യുത്തിക്കൊസ് ഇരുന്ന കിളിവാതിൽ** (അപ്പൊ. 20:8,9)

'ഞങ്ങൾ കൂടിയിരുന്ന മാളികയിൽ വളരെ വിളക്കുണ്ടായിരുന്നു. അവിടെ യൂത്തിക്കൊസ് എന്ന യൗവനക്കാരൻ കിളിവാതില്ക്കൽ ഇരുന്നു ഗാഢനിദ്ര പിടിച്ചു. പൗലൊസ് വളരെ നേരം സംഭാഷിക്കയാൽ നിദ്രാവശനായി മൂന്നാം തട്ടിൽനിന്നു താഴെ വീണു. അവനെ മരിച്ചവ നായി എടുത്തുകൊണ്ടുവന്നു.' സഭാകൂടിവരവുകളിൽ ഇരുന്നുറങ്ങു ന്നവരുണ്ട്. എന്നാൽ കൃപാകാലമായതിനാൽ അത്യാഹിതം സംഭവി ക്കുന്നില്ല. യൂത്തിക്കൊസിന്റെ വീഴ്ചയുടെ കാരണം അവന്റെ തെറ്റായ സ്ഥാനത്തുള്ള ഇരിപ്പാണ്. കിളിവാതിലിന്മേലിരുന്നാൽ നല്ല കാറ്റു കിട്ടും, ലോക കാഴ്ചകളും ആവോളം കാണാം. കണ്ണിനു ഇമ്പം പകരുന്ന കാഴ്ചയാൽ പെട്ടെന്നു മയക്കം വരാം. ആത്മീയജീവിതത്തിനും ഇതിനു ഏറെ പ്രസക്തിയുണ്ട്. വിശ്വാസികളിൽ അനേകർ തെറ്റായ സ്ഥാന ങ്ങളിൽ ഇരിക്കുകയും ലോകകാഴ്ചകളിൽ മതിമറന്നു ജീവിക്കുകയും ചെയ്യുന്നു. ക്രമേണ ആത്മീയജീവിതത്തിൽ മയക്കം ഉണ്ടാകുന്നു. ഫലമോ ആത്മഫലം പുറപ്പെടുവിക്കാത്തവരായി സഭക്കും കൂട്ടുവിശ്വാ സികൾക്കും അവർ ഭാരമായിത്തീരുന്നു.

നമ്മുടെ ജീവിതത്തിൽ വരുന്ന പ്രയാസങ്ങളിലും പ്രതിസന്ധി യിലും ദൈവവുമായി ബന്ധം പുലർത്തുന്നതിനു നമുക്കു കിളിവാതിൽ ഉണ്ടോ? മറ്റെല്ലാ വാതിലുകളും അടഞ്ഞാലും അടയാത്ത കിളി വാതിലായ പ്രാർത്ഥനയാകുന്ന കിളിവാതിലിലൂടെ ദൈവവുമായി ബന്ധം പുലർത്താം. സങ്കീർത്തനം 119:33-40 വരെയുള്ള തലക്കെ ട്ടിലുള്ള 'ഹേ' എന്ന കിളിവാതിലിലൂടെ നമ്മുടെ വിശ്വാസജീവിതത്തെ ഉണർവ്വുള്ളതാക്കാം, ജീവിപ്പിക്കാം..

**ജോയമ്മ സാംസൺ, കൊല്ലം**

*ലോകചരിത്രത്തെ മാറ്റിമറിച്ചവരാണ് ക്രൈസ്തവ മിഷണറിമാർ. അവർ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിച്ചിട്ടുള്ള ജനസമൂഹങ്ങൾ സംഖ്യാതീതമാണ്. സംഭവബഹുലമായ അവരുടെ ജീവിതത്തിലേക്ക് എത്തിനോക്കുന്ന മാനുവൽ പി. ജോസഫ് അവർകളുടെ പ്രൗഢോജ്ജ്വലങ്ങളായ ലേഖനങ്ങളിൽ ചിലത് ഈ ലക്കം മുതൽ ക്രൈസ്തവ വനിതയിൽ ഖണ്ഡശ്ശ പ്രസിദ്ധീകരിക്കുന്നതാണ്.*

*ശ്രീ മാനുവൽ പി. ജോസഫ് എഴുതി ലൈഫ് വിഷൻ ലിറ്ററേച്ചർ പ്രസാധനം ചെയ്ത "പറഞ്ഞു തീരാത്ത കഥകൾ" എന്ന പുസ്തകത്തിൽ നിന്നുമാണിത്.*

*Published with Author's Permission*

# ഇന്ത്യയിലെ അമ്മ

**എമി കാർമിഖായേൽ**

എമി വിൽസൻ കാർമിഖായേൽ 1867 ഡിസംബർ 18-ന് വടക്ക് അയർലൻഡിലുള്ള മില്ലിസിൽ എന്ന കൊച്ചുഗ്രാമത്തിലാണ് ജനിച്ചത് അവളുടെ മാതാപിതാക്കളായ ഡേവിഡ് കാർമിഖായേലും കാതറിനും വളരെ ഭക്തരായ വിശ്വാസികളായിരുന്നു. ചെറുപ്പത്തിൽ എമിയെ വളരെയധികം അസ്വസ്ഥയാക്കിയ ഒരു കാര്യമായിരുന്നു തന്റെ കണ്ണുകൾ ആ നാട്ടുകാരെപ്പോലെ നീലനിറമുള്ളതല്ല, മറിച്ച് തവിട്ടുനിറത്തിലാണെന്നുള്ളത്. തന്റെ കണ്ണുകളുടെ നിറം മാറ്റിത്തരണമെന്ന് എമി എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരുന്നെങ്കിലും യാതൊന്നും സംഭവിക്കുകയുണ്ടായില്ല. തവിട്ടുനിറത്തിലുള്ള കണ്ണുകളുള്ള ഇന്ത്യക്കാരുടെ ഇടയിലേക്ക് ഭാവിയിൽ സുവിശേഷവുമായി പോകുവാൻ ദൈവം തന്നെ വിളിച്ചിരിക്കുന്നു എന്ന കാര്യം എമി അന്ന് അറിഞ്ഞിരുന്നില്ല!

ദൈവകാര്യങ്ങളിൽ പ്രയോജനപ്പെടണമെന്ന വലിയ ദാഹവുമായി വളർന്നുവന്ന എമി 1883-ൽ ആദ്യമായി ജപ്പാനിലെ മിഷണറി പ്രവർത്തങ്ങൾക്കായിപോയി എന്നാൽ സഹമിഷണറിമാരുടെ സാക്ഷ്യമില്ലാത്ത ജീവിതം കാരണവും അനാരോഗ്യം മൂലവും 15 മാസങ്ങൾക്കുശേഷം സ്വന്തം നാട്ടിലേക്കു മടങ്ങി. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഒരു വേല എമിയുടെ സ്വപ്നമായിരുന്നു. എമിയുടെ അനാരോഗ്യം ചൈന ഇൻലാന്റ് മിഷനിൽ തിരഞ്ഞെടുക്കപ്പെടുന്നതിന് തടസ്സമായി ഭവിച്ചു. പിന്നീട് സെനാന മിഷൻ മുഖാന്തരം എമി 1895ൽ ഇന്ത്യയിൽ എത്തിച്ചേർന്നു. പിന്നീടുള്ള തന്റെ ജീവിതകാലം മുഴുവൻ കർത്താവിനെ സേവിച്ച് ജീവിക്കുവാനുള്ള സ്ഥലത്ത് എമി അങ്ങനെ അവസാനം എത്തിച്ചേർന്നു.

ദൈവത്തിനു പൂർണ്ണമായി സമർപ്പിച്ചുകൊണ്ടുള്ള ഒരു ജീവിതമായിരുന്നു എമിയുടേത്. യേശുക്രിസ്തുവിനുവേണ്ടി സ്വയം എരിഞ്ഞുതീരണമെന്ന് എമി ആഗ്രഹിച്ചു. 1900-ൽ തമിഴ്നാട്ടിലെ ഡൊണാവൂർ കേന്ദ്രമാക്കി എമി പ്രവർത്തനമാരംഭിച്ചു. അനാഥരായ പെൺകുട്ടികളെയും ദേവദാസികളായി ക്ഷേത്രങ്ങളിൽ സമർപ്പിക്കപ്പെട്ട് വേശ്യാവൃത്തിക്ക് നിർബന്ധിതരാകുന്ന പെൺകുട്ടികളെയും രക്ഷപ്പെടുത്തിക്കൊണ്ടുവന്ന് എമി തന്നോടൊപ്പം താമസിപ്പിച്ചു. ഡൊണാവൂർ ഫെലോഷിപ്പിനു അങ്ങനെ ആരംഭമായി. ആശയറ്റ അവസ്ഥയിൽ നിന്നും പല പെൺകുട്ടികളെയും എമി വളരെ സാഹസികമായിത്തന്നെ രക്ഷപ്പെടുത്തിക്കൊണ്ടുവന്നു. ക്രിസ്തുവിന്റെ പ്രത്യാശാനിർഭരമായ രാജ്യത്തിലേക്ക് അവരെ വഴി കാണിച്ചു. പലരുടെയും വിമർശനങ്ങളും എതിർപ്പുകളുമെല്ലാം എമിക്ക് നേരിടേണ്ടിവന്നു. എന്നാൽ ഒരു മനുഷ്യജീവിതത്തെ രക്ഷിക്കുവാൻവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ എമി ഒരുക്കമായിരുന്നു. ക്രിസ്തുവിൽ വിശ്വസിച്ച് പുതിയ സൃഷ്ടികളാകുന്നവരെക്കണ്ട് എമി എപ്പോഴും ആനന്ദനിർവൃതികൊണ്ടു.

സാംസ്കാരികമായി ഇന്ത്യയിലെ ജനങ്ങളോട് ഏറ്റവും ഇഴുകിച്ചേരുന്ന വിധത്തിലായിരുന്നു എമിയുടെയും സഹപ്രവർത്തകരുടെയും വസ്ത്രധാരണവും ജീവിതരീതികളുമെല്ലാം. തന്റെ വേദനകളെയും കഷ്ടങ്ങളെയും മറന്നുകൊണ്ട് മറ്റുള്ളവരെ ആശ്വസിപ്പിക്കുവാനും കണ്ണുനീരൊപ്പുവാനും എമി എപ്പോഴും സന്നദ്ധയായിരുന്നു. ഓരോ കുഞ്ഞിനെയും രക്ഷപ്പെടുത്തിക്കൊണ്ടുവരുവാൻ ദുർഘടമായ റോഡുകളിലൂടെ എമി അനേക മൈലുകൾ യാത്ര ചെയ്യുമായിരുന്നു. ചവറ്റുകുട്ടയിൽനിന്ന് എന്നവണ്ണം രക്ഷപ്പെടുത്തപ്പെട്ട ആയിരത്തോളം പെൺകുട്ടികൾ യേശുക്രിസ്തുവിന്റെ സ്നേഹത്തിന്റെ ശീതളച്ഛായയിൽ എമിയോടൊപ്പം വളർന്നുവന്നു. ദൈവത്തിനും സമൂഹത്തിനും ഏറ്റവും കൊള്ളാവുന്നവരായി അവരെ വളർത്തിക്കൊണ്ടുവരുന്നതിൽ എമി വിജയിച്ചു. അമ്മ എന്നാണ് അവരെല്ലാം സ്നേഹപൂർവം എമിയെ വിളിച്ചിരുന്നത്.

എമി നല്ലൊരു എഴുത്തുകാരിയുമായിരുന്നു. ഇന്ത്യയിലെ മിഷണറി പ്രവർത്തനങ്ങളെക്കുറിച്ചും മറ്റുമായി 15-ഓളം പുസ്തകങ്ങൾ എമി പ്രസിദ്ധീകരിച്ചു. എമിയുടെ പുസ്തകങ്ങൾ ലോകത്തെമ്പാടുമുള്ള അനേകായിരങ്ങളുടെ ഹൃദയങ്ങളെ സ്പർശിക്കുകയുണ്ടായി. എമിയുടെ ജീവിതവും എഴുത്തുകളുമാണ് ഇക്വഡോറിൽ രക്തസാക്ഷിയായി തീർന്ന ജിം എലിയറ്റിനെ മിഷണറി പ്രവർത്തനത്തിനായി പ്രചോദിപ്പിച്ചതത്രേ. ജിം എലിയറ്റ് മാത്രമല്ല, ലോകമെമ്പാടുമുള്ള അനേകർ മിഷണറി പ്രവർത്തനത്തിനായി പോകുവാൻ എമി

യുടെ ജീവിതവും എഴുത്തുകളും കാരണമായിത്തീർന്നു.

ഒരിക്കൽ, മിഷൻ പ്രവർത്തനത്തിനു പോകുവാൻ ആഗ്രഹമുണ്ടായിരുന്ന ഒരു യുവതി ഒരു മിഷണറി ജീവിതം എങ്ങനെയിരിക്കും എന്ന് ചോദിച്ചുകൊണ്ട് എമിക്ക് ഒരു കത്തെഴുതി. ലളിതമായി പറഞ്ഞാൽ മിഷണറി ജീവിതം മരിക്കുവാനുള്ള ഒരു അവസരമാണ് എന്നായിരുന്നു. എമിയുടെ മറുപടി.

1931-ൽ, വഴുതിവീണ് എമിയുടെ വലതു കൈയുടെ എല്ലും തുടയെല്ലും പൊട്ടുവാനിടയായി. പിന്നീടുള്ള വർഷങ്ങൾ അധികസമയവും കിടക്കയിൽത്തന്നെ കഴിയേണ്ടിവന്നു അവർക്ക്. 1951 ജനുവരി 18-ന് 83-ാം വയസ്സിൽ എമി ഈ ലോകത്തിലെ ശുശ്രൂഷ പൂർത്തിയാക്കി കർത്താവിന്റെ സന്നിധിയിലേക്ക് യാത്രയായി. ഇന്ത്യയിൽത്തന്നെ എമിയുടെ ശരീരം സംസ്ക്കരിച്ചു. തന്റെ കുഴിമാടത്തിൽ ശിലാഫലകമൊന്നും എഴുതിവയ്ക്കേണ്ടെന്ന് എമി നിർദ്ദേശിച്ചിരുന്നു. എന്നാൽ എമി വാത്സല്യത്തോടെ വളർത്തിക്കൊണ്ടുവന്ന കുട്ടികൾ 'അമ്മ' എന്നു മാത്രം അവിടെ എഴുതിവച്ചു.

എമിയുടെ ജീവിതം പൂർണ്ണമായും കർത്താവിന്റെ വേലയിൽ, ഇന്ത്യയുടെ മണ്ണിൽ, എരിഞ്ഞടങ്ങി. എമി ഒരിക്കലും വിവാഹം ചെയ്തില്ല. 56 വർഷക്കാലത്തെ ഇന്ത്യയിലെ പ്രവർത്തനങ്ങൾക്കിടയിൽ ഒരിക്കൽപ്പോലും വിശ്രമത്തിനായി സ്വദേശത്തേക്ക് മടങ്ങിപ്പോയതുമില്ല.

**മാനുവൽ പി. ജോസഫ്**

---

## Quest 5 - ന്റെ ശരി ഉത്തരങ്ങൾ

1. ഹെർമ്മോന്യ മഞ്ഞ് (സങ്കീ. 133:3)
2. യാക്കോബ് (സങ്കീ. 105:23)
3. മേഘം കൊണ്ട് (സങ്കീ. 147:8)
4. അസ്ഥികൾ (സങ്കീ. 141:7)
5. ബാബേൽ (സങ്കീ. 137:1)
6. സീയോൻ (സങ്കീ. 132:13)
7. സ്വർഗ്ഗത്തിൽ (സങ്കീ. 119:89)
8. യഹോവ (സങ്കീ. 130:8)
9. ദുഷ്ടന്മാർ (സങ്കീ. 112:10)
10. യെരുശലേമിനെ (സങ്കീ. 122:3)
11. സരള വൃക്ഷം (സങ്കീ. 104:17)
12. ഭാഗ്യവാന്മാർ (സങ്കീ. 106:3)
13. ജ്ഞാനമുള്ളവർ (സങ്കീ. 107:43)
14. ആകാശത്തിന് (സങ്കീ. 113:4)
15. സത്യവും, ന്യായവും (സങ്കീ. 111:7)
16. യെരുശലേമിന്റെ (സങ്കീ. 122:6)
17. ചെങ്കോൽ (സങ്കീ. 125:3)
18. ഭാഗ്യമുള്ളത് (സങ്കീ. 144:15)
19. കീർത്തനം (സങ്കീ. 119:54)
20. ദുഷ്ടന്മാരോട് (സങ്കീ. 119:155)

# കുമ്പനാട്ടു നിന്നുള്ള രണ്ട് വനിതാ മിഷണറിമാർ

ആത്മീയ ഉണർവ്വും സാംസ്കാരിക ഉന്നമനവും എല്ലാം ഒത്തിണങ്ങിയ മദ്ധ്യ തിരുവിതാംകൂറിലെ പമ്പാനദീതട പ്രദേശമാണ് കുമ്പനാട്. ഒരു കാലത്ത് ആത്മീയ ഉണർവ്വിന്റെ കേന്ദ്രമായിരുന്ന കുമ്പനാട് മിഷണറി പ്രവർത്തനങ്ങളുടെയും സഭാപ്രവർത്തനങ്ങളുടെയും ഉറവിടം തന്നെ ആയിരുന്നു. ആത്മീയ ഗ്രന്ഥശാലകൾ, പുസ്തകവില്പന കേന്ദ്രങ്ങൾ, അച്ചടിശാലകൾ, സഭായോഗ ഉപകരണസാമഗ്രികളുടെ വിപണനശാലകൾ ഇങ്ങനെ കുമ്പനാടിന്റെ ചരിത്രം തിരുവിതാംകൂറിന്റെ ആത്മികതയുടെ ഒരു ചരിത്രംകൂടി ആയിരുന്നു എന്നത് തർക്കമറ്റ സംഗതി തന്നെ. കുമ്പനാട്ടെ ഉണർവ്വു യോഗങ്ങളിൽ വച്ച് മിഷണറി പ്രവർത്തനങ്ങൾക്കായി ദൈവവിളി കേട്ട് ഇറങ്ങിയിട്ടുള്ള ബഹുശതം ദൈവദാസന്മാർ ഉണ്ടെന്നുള്ളത് സ്മരണീയമാണ്.

എന്നാൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ മദ്ധ്യഭാഗത്ത് ദൈവവിളികേട്ടനുസരിച്ച് മിഷണറിപ്രവർത്തനങ്ങൾക്കായി വെല്ലുവിളികൾ സന്തോഷത്തോടെ സ്വീകരിച്ച് ഇറങ്ങിത്തിരിച്ച കുമ്പനാട്ടെ രണ്ട് വനിതാരത്നങ്ങൾ ഉണ്ടായിരുന്നു എന്നത് ചിന്തനീയമായ ഒരു വസ്തുതയാണ്. തികച്ചും മാതൃകാപരമായ രണ്ടു യുവ ജീവിതങ്ങൾ! അതും വനിതകൾ മിഷണറി പ്രവർത്തനങ്ങൾക്കായി സ്വയം ഇറങ്ങാതിരുന്ന ഒരു കാലത്ത്. അത്തരം രണ്ടു വനിതാമിഷണറിമാർ ആയിരുന്നു 1914-ൽ കുമ്പനാട്ടു ജനിച്ച അന്നമ്മ മാമ്മനും 1927-ൽ അദ്ധ്യാപക ദമ്പതികളായ പണ്ടിറ്റ് എം.എം.ജോണിന്റെയും മറിയാമ്മയുടെയും മകൾ മേരിജോണും (പിന്നീടു മേരി അഞ്ചൻ). അന്നമ്മ മാമ്മൻ മിഷൻ പ്രവർത്തനത്തിനു വേണ്ടി പഴയ നാട്ടുരാജ്യമായ ഹൈദരാബാദിലേക്ക് പോയപ്പോൾ മേരിജോൺ പഴയ മൈസൂർ പട്ടണത്തിലേക്കും തുടർന്ന് കർണാടകത്തിലെ തുംകൂറിലേക്കും പോയി. അന്നമ്മ മാമ്മൻ അവിവാഹിതയായി മിഷൻ പ്രവർത്തനത്തിനായി സമർപ്പിക്കപ്പെട്ടപ്പോൾ, മേരി അഞ്ചൻ വിവാഹിതയായി ചാൾസ് അഞ്ചന്റെ സഹധർമ്മിണിയും സഹപ്രവർത്തകയുമായി മൈസൂറിലേക്കും പിന്നീട് തുംകൂറിലേക്കും പോയി.

അവർ രണ്ടുപേരും ഉറ്റവരെയെല്ലാം വിട്ട് സുവിശേഷവുമായി വിദൂരദേശത്തേക്ക് പോയി കർത്താവിന്റെ വിളിക്ക് അനുസരണം പാലിച്ചു. അന്നമ്മ മാമ്മൻ ഒരു ക്രൈസ്തവ ഗാനരചയിതാവായി പൊതുവിൽ അറിയപ്പെട്ടെങ്കിൽ മേരിഅഞ്ചൻ ഒരു എഴുത്തുകാരിയായി

നൂറു കണക്കിന് ലേഖനങ്ങളും പതിനൊന്ന് ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ച് ക്രിസ്തുവിൽ പ്രസിദ്ധയായിത്തീർന്നു. ഈ രണ്ടു ഭക്തവനിതകളും ഇൻഡ്യയിൽ മാത്രമല്ല പലവിദേശ രാജ്യങ്ങളിലും സുവിശേഷയാത്ര ചെയ്ത് അവർ രണ്ടു പേരും ആയിരങ്ങളോടു സുവിശേഷം പ്രസംഗിച്ചു. വിശ്വാസികളെ ഉറപ്പിച്ചു. അനേക സ്ത്രീപുരുഷന്മാരെ മിഷൻ പ്രവർത്തനത്തിനായി വെല്ലുവിളിക്കുവാനും ഉണർത്തുവാനും ദൈവം അവരെ ഉപയോഗിച്ചു.

ഏകദേശം പതിനെട്ട് വയസ്സ് മാത്രമുള്ള അവിവാഹിതയായ ഒരു യുവതി അക്കാലത്ത് അന്നത്തെ ആന്ധ്രാ കുഗ്രാമങ്ങളിൽ പോയി കർത്താവിനെ സേവിച്ചു എന്നുള്ളത് സങ്കൽപ്പിക്കാൻ തന്നെ പ്രയാസ മുള്ള കാര്യമാണ്. അതായിരുന്നു യേശുവിനെ പൂർണ്ണമായി പിൻപറ്റിയ അന്നമ്മ മാമ്മന്റെ കാഴ്ചപ്പാടും വിളിയും തിരഞ്ഞെടുപ്പും. അന്നമ്മ പ്രേഷിത പ്രവർത്തനങ്ങൾക്കു പോയി അധികം കഴിയുന്നതിനു മുമ്പ് അന്നമ്മയുടെ വലിയമ്മച്ചി കൊച്ചുമകളെ കുറിച്ചുള്ള ആധിയും ഭയവും മൂലം കൊച്ചുമകൾക്കു വികാരനിർഭരമായ ഒരു കത്തെഴുതി അന്നമ്മയെ തിരികെ വരാനായി നിർബന്ധിച്ചു. ആ കത്തിന് അന്നമ്മ എഴുതിയ മറുപടിയിലെ പ്രസക്തഭാഗം ആയിരുന്നു 'ലോകമാം ഗംഭീര വാരിധി യിൽ' എന്നു തുടങ്ങുന്ന സമർപ്പണത്തിന്റെയും വിശ്വാസത്തിന്റെയും സന്ദേശം ഉൾക്കൊള്ളുന്ന വിശ്വപ്രശസ്തമായ ക്രിസ്തീയ ഗാനം. ഈ മറുപടി എഴുതിയത് കണ്ണുനീർ കൊണ്ട് മുങ്ങിയ കടലാസിൽ ആയിരുന്നു. കണ്ണുനീർ തുള്ളികൾ വീണു പുള്ളിപിടിച്ച ആ കത്ത് കണ്ട് വലിയമ്മച്ചി കൊച്ചുമകളുടെ വിശ്വാസത്തെ സർവ്വാത്മനാ അംഗീകരിച്ചു. അന്നമ്മ അന്ന് എഴുതിയ ആ ഗാനം ഇന്നും ആയിരങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുകയും സമ്പൂർണ്ണ സമർപ്പണത്തിനായി ആഹ്വാനം ചെയ്തു കൊണ്ടിരിക്കുകയും ചെയ്യുന്നു.

മേരി സുവിശേഷ പരിശീലനത്തിനായി കോളേജു വിദ്യാഭ്യാസം ഇടയ്ക്കു വെച്ച് ഉപേക്ഷിക്കുകയും താത്കാലികമായി ഒരു സ്കൂൾ അദ്ധ്യാപികയായി കുമ്പനാട്ട് ജോലി ചെയ്യുകയും ചെയ്തിരുന്നു. അതും ഉപേക്ഷിച്ച് 1951-ൽ ഒരു ചെറിയ തകരപെട്ടിയിൽ (അന്നത്തെ സ്യൂട്ട് കേസ്) അത്യാവശ്യ വസ്ത്രങ്ങളും മറ്റും തിരുകിവച്ച് തന്റെ ഭർത്താവും മിഷണറിയുമായിരുന്ന ചാൾസ് അഞ്ചനോടൊത്ത് മൈസൂറിലേക്കു പോയി. അവിടെ തുടങ്ങുന്നു കുമ്പനാട്ടെ രണ്ടാമത്തെ മിഷണറി വനിതയുടെ ക്രൂശിനെ നോക്കിക്കൊണ്ടുള്ള യാത്ര, ഇക്കഴിഞ്ഞ ഒക്ടോ ബർ 19-ന് തന്റെ സ്വർഗ്ഗീയയാത്ര ആരംഭിക്കുന്നതിനു മുമ്പ് തന്റെ ഏകസ്വത്തായിരുന്ന ഒരു പെട്ടി മറ്റുള്ളവരെ മേരി ഏല്പിച്ചു. ദൈവം

കൊടുത്ത വീട്, ആശുപത്രി, സാന്ത്വനകേന്ദ്രം, തന്റെ ഗ്രന്ഥശേഖരം അതിനോടകം മറ്റുള്ളവരെ ഏല്പിച്ചു കഴിഞ്ഞിരുന്നു. തങ്ങൾക്കായി യാതൊന്നും കരുതാതിരുന്ന മേരി, തന്റെ ഭർത്താവ് ചാൾസിനെ പോലെ അങ്ങനെ ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. അന്നമ്മ മാമ്മൻ ആന്ധ്രയിൽ അനുഭവിച്ചതിന് സമാനമായ അനേക ത്യാഗ ങ്ങളും കഷ്ടതകളും മേരിഅഞ്ചനും കർത്താവിനു വേണ്ടി സന്തോഷ ത്തോടെ സഹിച്ച് ഇന്നത്തെ വിശ്വാസികൾക്ക് ഉദാത്തമായ മാതൃക കാണിച്ചു തന്നിരിക്കുന്നു. ആറു മാസം പ്രായമായ ആദ്യ ജാതനുമായി ഒരു കടതിണ്ണയിലും പിന്നീടൊരിക്കൽ ഒരു മരച്ചുവട്ടിലും രാത്രി കഴി ഞ്ഞപ്പോഴും വാടക കൊടുക്കാൻ പണമില്ലാത്തതിനാൽ ഉടമസ്ഥൻ രാത്രിയിൽ വീട്ടിൽ നിന്നും ഇറക്കിവിട്ടതും പട്ടിണിയും രോഗങ്ങളും അതിൽ ചിലതു മാത്രം. അന്നമ്മയെപ്പോലെ മേരിയും ചെറുപ്പത്തിൽ തന്നെ എഴുതുവാനുള്ള അഭിനിവേശം ഉള്ളവൾ ആയിരുന്നു. വേദ പുസ്തക വനിതകളും ക്രൈസ്തവ മതപീഡകളും മിഷണറിജീവചരിത്ര ങ്ങളും ആയിരുന്നു. ഏതാണ്ട് പതിന്നാല് വയസ്സുള്ളപ്പോളായിരുന്നു മേരിയുടെ ആദ്യലേഖനം 'ആത്മബോധിനി' മാസികയിൽ പ്രസിദ്ധീ കരിച്ചത്. പിന്നീടങ്ങോട്ടു ലേഖനങ്ങളുടെയും പുസ്തകങ്ങളുടെയും തൂമഴ തന്നെ തന്റെ അംഗുലികളിൽ കൂടി പ്രവഹിക്കുവാൻ കർത്താവ നുവദിച്ചു. ആകെ പതിനൊന്ന് പുസ്തകങ്ങൾ മേരി പ്രസിദ്ധീകരിച്ചു. അവയിൽ പലതിനും പല പതിപ്പുകൾ (എഡിഷൻസ്) പ്രകാശനം ചെയ്‌വാൻ ഇടയായി. ഇതെല്ലാം ആയിരം പതിനായിരങ്ങളെ ക്രിസ്തു വിനായി സ്പർശിക്കുവാൻ ഇടയായിട്ടുണ്ട് എന്നതിൽ തർക്കമില്ല.

ഇന്ന് അന്നമ്മയും മേരിയും തങ്ങൾ ഉൺമയായി സ്നേഹിക്കു കയും സേവിക്കുകയും ചെയ്ത കർത്തൃസവിധത്തിൽ വിശ്രമിക്കുന്ന അവരുടെ ജീവിതം എല്ലായിടത്തുമുള്ള ക്രൈസ്തവ സ്ത്രീപുരുഷ ന്മാരെ വെല്ലുവിളിക്കുന്നു. ക്രൂശെടുത്തുകൊണ്ട് പ്രാണനാഥനെ പിൻ പറ്റുവാനായി ആർ ഇറങ്ങി പുറപ്പെടും? ആർ ക്രിസ്തുവിനായി ആത്മീയ യുദ്ധം ചെയ്യും? ആർ ക്രൂശെ നോക്കി യാത്ര ചെയ്യും? നമുക്കും അന്നമ്മ മാമ്മനോടും മേരിഅഞ്ചനോടും ചേർന്ന് ഈ ഗാനം പാടി അതിലെ വരികളെ അന്വർത്ഥമാക്കാം. യെശ. 6:8.

'യാത്ര ചെയ്യും ഞാൻ ക്രൂശേ നോക്കി
യുദ്ധം ചെയ്യും ഞാൻ യേശുവിനായ്
ജീവൻ വച്ചീടും രക്ഷകനായ്
അന്ത്യശ്വാസം വരെയും'.

**ഡോ. ഉമ്മൻ ഫിലിപ്പ്, തിരുവനന്തപുരം**

# ഉടമസ്ഥന്
# ഉപയോഗപ്പെടണമോ?

**നല്ല വൃക്ഷം:**

ഒരു നല്ല ഉടമസ്ഥൻ എപ്പോഴും തന്റെ തോട്ടത്തിൽ വരികയും അവിടെയുള്ള വൃക്ഷങ്ങളെ പരിശോധിക്കുകയും അതതിന്റെ സീസണിൽ ഫലം തരുന്നത് കണ്ടു സ്വാഭാവികമായും ഉണ്ടാകുന്ന സന്തോഷത്തോടെ ചുറ്റിനടക്കുമ്പോൾ, സീസണിൽ അല്ലാതെ ഒരു വൃക്ഷം നിറയെ ഫലം കായ്ച്ചു നില്ക്കുന്ന മനോഹരമായ കാഴ്ച കണ്ട് അത്ഭുതത്തോടെ ഈ കാലത്ത് ഈ വൃക്ഷത്തിന്മേൽ ഫലമുണ്ടാകാറില്ലല്ലോ എന്നാൽ ഇതിൽ നിറയെ കായ്ച്ചു നില്ക്കുന്നു. എന്തു മനോഹരമായ കാഴ്ചയാണ്. യജമാനൻ ആ വൃക്ഷത്തിന്റെ കൊമ്പ് പതിയെ താഴ്ത്തി അതിൽ നിന്നും ഒരു ഫലം പറിച്ചു കഴിച്ചു തൃപ്തനായി, അപ്പോൾ ആ വൃക്ഷത്തിന് ഉണ്ടാകുന്ന സന്തോഷം പറഞ്ഞറിയിക്കുവാൻ കഴിയുമോ? അതുപോലെ നമ്മുടെ കർത്താവ് ഇലകൾ നിറഞ്ഞു നില്ക്കുന്ന അത്തിയുടെ അടുക്കൽ ചെല്ലുമ്പോൾ അത് അത്തിപ്പഴത്തിന്റെ  കാലമല്ലായിരുന്നു എന്നിട്ടും പഴം തിരഞ്ഞ് കർത്താവ് ചെന്നു. ഇതിൽ നിന്നും കർത്താവ് എപ്പോൾ വരുമോ ആ സമയം ഫലം കാണണം എന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്. പ്രിയ ദൈവമക്കളേ അനുകൂലമായ സാഹചര്യങ്ങളിൽ മാത്രമല്ല പ്രതികൂലമായ പ്രയാസ വേളകളിലും എനിക്ക്  ഇങ്ങനെ വന്നതുഎന്ത് എന്നു ചോദിക്കാതെ നമ്മുടെ നല്ല യജമാനൻ സന്തോഷിക്കണം എന്നുള്ളതാണ് നമ്മുടെ ലക്ഷ്യമെങ്കിൽ എല്ലായിപ്പോഴും എല്ലാറ്റിനും വേണ്ടിയും സ്തോത്രം ചെയ്യുന്നവരാകണം. “ഇതു ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചു കൊൾവിൻ” (എഫെസ്യർ 5:16,17).

**നല്ല ആയുധം :**

യജമാനന്റെ കൽപ്പന പ്രകാരം തോട്ടക്കാരൻ ഒരു വൃക്ഷത്തെ വെട്ടുവാൻ ആയുധപ്പുരയിൽ കയറി ആയുധങ്ങൾ പരിശോധിക്കുമ്പോൾ, തന്റെ കൈക്കിണങ്ങിയ ആയുധമായി തോന്നിയ ഒന്നെടുത്തു. അപ്പോൾ കൈയ്യിലിരുന്ന് ആയുധം മറ്റുള്ളവരെ നോക്കി കണ്ടോ എന്നെയാണ് യജമാനനു ഏറ്റവും നല്ലതായി തോന്നിയത് ഇങ്ങനെ ഭാവിച്ചിരിക്കുമ്പോൾ തോട്ടക്കാരൻ ചുറ്റിക എടുത്ത് അതിന്റെ വായ്ത്തല നോക്കി

നല്ല ചത ചതച്ചു. ഒന്നും മിണ്ടാൻ കഴിയാതെ വേദനയോടെ ഞരങ്ങി. അതിനുശേഷം ചൂളയിൽ കൊണ്ടുപോയി ചൂളയുടെ ജ്വാലയ്ക്ക് ചൂട് കൂട്ടി അതിൽ വെച്ച് നന്നായി പഴുപ്പിച്ചശേഷം അതിനെ പുറത്തെടുത്തു. ഹോ! ആശ്വാസമായി എന്ന് കരുതിയപ്പോൾ ചുറ്റിക കൊണ്ട് വീണ്ടും നന്നായി ചതച്ചു. അതിനുശേഷം നല്ല തണുത്ത വെള്ളത്തിൽ മുക്കി എടുത്ത് തുടച്ച് വൃത്തിയാക്കി താൻ ആഗ്രഹിച്ചതുപോലെ മരത്തെ എളുപ്പത്തിൽ വെട്ടി വീഴ്ത്താൻ സാധിച്ചു. തോട്ടക്കാരൻ വളരെ സന്തോഷിച്ചു. യജമാനനോട് ഈ ആയുധം നല്ല മൂർച്ചയുള്ളതാണ് വേഗത്തിൽ മരത്തെ വെട്ടിവീഴ്ത്തുവാൻ സാധിച്ചു. യജമാനൻ അത് കൈയിൽ വാങ്ങി അതിനെ പരിശോധിച്ചു.നല്ല ഉപയോഗപ്രദമായ നല്ല ഉപകരണം എന്നു പറഞ്ഞു അതിനെ പ്രശംസിച്ചു. ഇങ്ങനെയല്ലേ നമ്മുടെ ജീവിതത്തിലും ദൈവമേ എന്നെ അവിടുത്തെ കൈയിൽ ഇണങ്ങുന്ന ഒരു ആയുധമാക്കി തീർക്കേണമേ എന്ന് പ്രാർത്ഥിക്കുന്ന ദൈവമക്കളെ തന്റെ കൈയിൽ ഇണങ്ങി വരുവാൻ വേണ്ടി പല വിധത്തിലുള്ള അനുഭവത്തിലൂടെ കർത്താവ് നമ്മെ കടത്തിവിടും. എങ്കിലും കൈവിടുകയില്ല ഉപേക്ഷിക്കുകയില്ല എന്ന വാഗ്ദത്തത്തോടെ നമ്മെ മാറോട് ചേർത്ത് പിടിക്കും. 'അല്പനേരത്തേക്കു മാത്രം ഞാൻ നിന്നെ ഉപേക്ഷിച്ചു; എങ്കിലും മഹാകരുണയോടെ ഞാൻ നിന്നെ ചേർത്തുകൊള്ളും. ക്രോധാധിക്യത്തിൽ ഞാൻ ക്ഷണനേരത്തേക്കു എന്റെ മുഖം നിനക്കു മറെച്ചു; എങ്കിലും നിത്യദയയോടെ ഞാൻ നിന്നോടു കരുണ കാണിക്കും എന്നു നിന്റെ വീണ്ടെടുപ്പുകാരനായ യഹോവ അരുളിച്ചെയ്യുന്നു' (യെശയ്യാവ് 54:7,8).

**നല്ല പാത്രം:**

'കുശവൻ കളിമണ്ണുകൊണ്ട് ഉണ്ടാക്കിയ പാത്രം അവന്റെ കൈയിൽ ചീത്തയായിപ്പോയി; എന്നാൽ കുശവൻ അതിനെ തനിക്കു തോന്നിയതുപോലെ മറ്റൊരു പാത്രമാക്കിത്തീർത്തു' (യിരെമ്യാവ് 18:4). കുശവൻ കളിമണ്ണ് എടുത്ത് ചവിട്ടി കുഴച്ച് പതം വരുത്തി തനിക്ക് ഇഷ്ടമുള്ള പാത്രത്തിന് രൂപം കൊടുക്കാൻ നോക്കി. എന്നാൽ ആ കളിമണ്ണ് ആഗ്രഹിക്കുന്ന പാത്രമായി തീർന്നില്ല അതുകൊണ്ട് അത് എടുത്ത് വീണ്ടും പതം വരുത്തി വീണ്ടും താൻ ആഗ്രഹിക്കുന്ന രീതിയിൽ ആകുമോ എന്ന് നോക്കി, സാധിക്കുന്നില്ല എന്ന് കണ്ടപ്പോൾ അതിനെ മറ്റൊരു പാത്രമാക്കി മാറ്റി. പക്ഷേ ഉടയവൻ ആഗ്രഹിച്ച ഉപയോഗമുള്ള പാത്രമാകാൻ കഴിയാതെ രൂപഭംഗിയില്ലാത്ത ഉപയോഗശൂന്യമായ ഒരു പാത്രം ആയി മാറി. എന്നാൽ ആ കളിമണ്ണ് ഉടയവന്റെ കൈയിൽ ഒതുങ്ങി ഇരുന്നിരുന്നു എങ്കിൽ യജമാനൻ ആഗ്രഹിച്ച സുന്ദരമായ ഉപയോഗപ്പെടുന്ന ഒരു പാത്രമായി

ശേഷം പേജ് 32 കാണുക

# വിശ്വാസ ജീവിതത്തിൽ നേരിട്ട ഒളിയമ്പുകളും അതിജീവനവും

ഇല്ലിനോയി (U.S.A.) State ഗവൺമെന്റ് ഹോസ്പിറ്റലിലെ പ്രോഗ്രം ഡയറക്ടർആയിരുന്ന ഞാൻ (Member, National Association of Mental Health Administrators, U.S.A.) എന്തുകൊണ്ടാണ് മാന്യമായ ഉദ്യോഗം ഉപേക്ഷിച്ചു കർത്താവിന്റെ വേലയ്ക്ക് ഇറങ്ങിയതെന്ന ചോദ്യം പലരിൽനിന്നും കേട്ടിട്ടുണ്ട്. സ്ഥിരവരുമാനമുള്ള മാന്യമായ ഉദ്യോഗം വിട്ട് വിശ്വാസത്തിന്റെ പാത തിരഞ്ഞെടുത്തത് പലർക്കും ഒരു അത്ഭുത വിഷയമാണ്. അത്രയുമല്ല, ഇന്ത്യയിൽനിന്നും അമേരിക്കയിൽ കിട്ടുന്ന ഏതെങ്കിലും ഒരു വിസാ സമ്പാദിച്ച് അക്കരെ സ്വപ്ന ഭൂമിയിലേക്കു പോകാൻ വെമ്പൽകൊള്ളുന്ന ഇന്ത്യാക്കാരുടെ നീണ്ടനിര കാണണമെങ്കിൽ ഇന്ത്യയിലെവിവിധ അമേരിക്കൻ കോൺസലേറ്റുകളിൽ ഏതെങ്കിലും ഒന്നിൽ നേരം വെളുക്കുന്നതിനു മുമ്പേ ഒന്നു പോയാൽ മതി. എങ്ങനെയെങ്കിലും സ്വപ്നഭൂമിയിൽ എത്തിപ്പെട്ടാൽ പിന്നെ ജീവിതത്തിൽ ഒരിക്കലും ഇന്ത്യയിൽ താമസിക്കുവാൻ മടങ്ങി വരുന്ന പ്രശ്നമേയില്ല. അവിടെ ഒരു പിടിവള്ളി കിട്ടിയാൽ പിന്നെ കുടുംബാംഗങ്ങളുടെയും ബന്ധുമിത്രാദികളുടേയും നീണ്ട ഘോഷയാത്ര അമേരിക്കയിലേക്കു ആയിരിക്കും. സംഗതികൾ ഇങ്ങനെയൊക്കെ ആയിട്ടും ഞങ്ങൾ സ്ഥിരതാമസത്തിനു അനുമതി (Green Card) ഉണ്ടായിരുന്നവർ എന്തിനു അമേരിക്കയിലെ സൗഭാഗ്യങ്ങൾ എല്ലാം ഉപേക്ഷിച്ചിട്ട് ഏതാണ്ടു പത്തോളം വർഷത്തെ പ്രവാസ ജീവിതത്തിനു വിരാമംകുറിച്ച് പത്തുവയസ്സിനു താഴെ പ്രായമുള്ള മൂന്നുമക്കളുമായി ഇന്ത്യയിലേക്കു മടങ്ങിയെന്ന ചോദ്യം പലരെയും അത്ഭുതപ്പെടുത്തുന്നുണ്ട്. ഒറ്റവാചകത്തിൽ പറഞ്ഞാൽ ദൈവവിളിയോടു അനുസരണം കാണിച്ചുവെന്നു മാത്രം.

1971–ൽ ഇൻഡ്യൻ സേനയുടെ സഹായസഹകരണത്തോടെ പാകിസ്ഥാനുമായി പടവെട്ടിപ്പിടിച്ച് രൂപകല്പന ചെയ്ത ഭൂവിഭാഗമാണ് ബംഗ്ലാദേശ് എന്ന് അറിയപ്പെടുന്നത്. ബംഗ്ലാദേശിലെ മലുംഘട്ടിലുള്ള ബാപ്റ്റിസ്റ്റ് ഹോസ്പിറ്റലിന്റെ സ്ഥാപകൻ അമേരിക്കൻ മിഷനറി - ഡോക്ടർ വിഗോ ഓൾസനാണ്. ആ ഹോസ്പിറ്റലിന്റെ സാരഥിയായി ഡോ. ഓൾസൻ എന്നെ തിരഞ്ഞെടുത്തെങ്കിലും ചില രാഷ്ട്രീയ പ്രത്യാഘാതങ്ങൾ മുന്നിൽ കണ്ട് അവർ ആ തീരുമാനത്തിൽനിന്നും പിന്മാറി. ഹോസ്പിറ്റലിലെ പ്രോഗ്രം ഡയറക്ടരായി അഞ്ചുവർഷത്തിലധികം പ്രവൃത്തിപരിചയം ഉണ്ടായിരുന്ന കൈമുതലോടെയാണ് മിഷണറിമാർ

സ്ഥാപിച്ച ബംഗ്ലാദേശിലെ മലുംഘട്ടിലെ ബാപ്റ്റിസ്റ്റ് ഹോസ്പിറ്റലിന്റെ ചുമതല അവർ എന്നെ ഏല്പിക്കാൻ തീരുമാനിച്ചത്. എന്റെ ഉപരിപഠനത്തോടും തൊഴിൽ പരിചയത്തോടും ബന്ധപ്പെട്ട ആ സുവർണ്ണാവസരം ലഭിക്കാതിരുന്ന ദുഃഖത്തിലിരിക്കുമ്പോഴാണ് മറ്റൊരു ബാപ്റ്റിസ്റ്റ് മിഷ്യൻ ഏജൻസി, അവരുടെ മിഷണറിമാരായി ഞങ്ങളെ സ്വീകരിച്ചത്. അമേരിക്കയിലെ ഏതെങ്കിലും ഒരു കോളജു ക്യാമ്പസിൽ Campus Bible Fellowship-ന്റെ നേതൃത്ത്വത്തിൽ International Students-നു മുൻഗണന നല്കി പ്രവർത്തിക്കാനുള്ള സുവർണ്ണാവസരമായി ഞങ്ങൾ അതു കരുതിയെങ്കിലും കാലിഫോർണിയായിലെ യൂബാസിറ്റിയിലുള്ള ഇൻഡ്യാക്കാർക്കിടയിൽ പ്രവർത്തിക്കുവാൻ ഒരു ആഹ്വാനം മിഷനിൽനിന്നും ഞങ്ങൾക്കു ലഭിച്ചു. അവിടേക്കു മാറിത്താമസിക്കുവാൻ തയ്യാറെടുക്കുമ്പോളാണ് നോർത്ത് ഈസ്റ്റ് ഇൻഡ്യയിലെ രണ്ടു ആശുപത്രികളുടെ ചുമതല എനിക്കു നല്കാൻ തീരുമാനിച്ചത്. എന്നാൽ “മണ്ണിന്റെ മക്കൾക്കു മുൻഗണന” നല്കാൻ ആഗ്രഹിച്ച ചിലർ അത് തടസ്സപ്പെടുത്തി. എനിക്കുവച്ചു നീട്ടിയ ഒരു വലിയ തെന്നിൻഡ്യൻ പട്ടണത്തിലെ സുവിശേഷവേലയ്ക്കുള്ള അവസരം നിഷേധിക്കാൻ പട്ടണത്തിലെ കുത്തക മേധാവിത്വം മടി കാണിച്ചില്ല. (എന്നാൽ അരനൂറ്റാണ്ടിനുശേഷം എന്റെ ചെറുമകൻ റോഹൻ ജോൺ ഒരു അമേരിക്കൻ യൂണിവേഴ്സിറ്റി ക്യാമ്പസിൽ വിദ്യാർത്ഥികൾക്കിടയിൽ ഇന്റർവാഴ്സിറ്റി ഫെലോഷിപ്പിനെ പ്രതിനിധീകരിച്ച് കർത്താവിന്റെ വേല ചെയ്യുന്നു എന്ന വസ്തുത ദൈവ നാമമഹത്ത്വത്തിനായി പ്രസ്താവിച്ചു കൊള്ളുന്നു.) അങ്ങനെയാണ് ഞങ്ങൾ സ്വയമേവ തിരുവനന്തപുരം കേന്ദ്രമാക്കി 1977-ൽ സുവിശേഷ പ്രവർത്തനം ആരംഭിച്ചത്. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളി ലൂടെ ദൈവവചനത്തിന്റെ ബീജാവാപമാണു ഞങ്ങൾ ലക്ഷ്യമിട്ടത്. അതിനു ഞങ്ങളുടെ ഭവനത്തിലെ സൗകര്യങ്ങൾ മതിയായിരുന്നു. പ്രാരംഭമായി India Bible Literature പ്രസിദ്ധപ്പെടുത്തിയ ഒരു ചെറു പുസ്തകമാണ് ആ പഠനത്തിനു ആധാരമായി ഉപയോഗിച്ചത്. ആ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ പഠിതാക്കളുടെ ആഗ്രഹ പ്രകാരവും ആവശ്യപ്രകാരവും ഞങ്ങൾ അധികകാലവിളംബം കൂടാതെ പത്തു യൂണിറ്റുകൾ ഉൾക്കൊള്ളുന്ന ഡിപ്ലോമോ പ്രോഗ്രാം (Diploma in Biblical Studies) ആരംഭിക്കയുണ്ടായി. അതിന്റെ മുഖ്യ ശില്പി ഇന്നു നിത്യതയിൽ വിശ്രമിക്കുന്ന എന്റെ അഭിവന്ദ്യപിതാവ് പണ്ഡിറ്റ് എം. എം. ജോൺ അവർകളാണ്. അത്താഴത്തിനുശേഷം കറസ്പോണ്ടൻസ് കോഴ്സിന്റെ പോസ്റ്റ്വഴി ലഭിച്ച ഉത്തരക്കടലാ സുകൾ എന്റെ പ്രിയപത്നി അന്നമ്മ സി. ജോൺ (ജോയിന്റ് ഡയറക്ടർ)

തെറ്റുകൾതിരുത്തി, മാർക്കിട്ട് പിറ്റേദിവസം തപാലിൽമടക്കി അയയ്ക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തിരുന്നു. ഈ ജോലി മിക്കപ്പോഴും തീരുന്നത് അർദ്ധരാത്രിക്കുശേഷമായിരുന്നു.

ലയോളയിൽ പഠിച്ചിരുന്ന രണ്ടുമക്കളും (വിനോദും, പ്രമോദും) സർവ്വോദയയിൽ പഠിച്ച ഇളയമകൻ പ്രദീപും പുസ്തകബാഗുകളിൽ സഹപാഠികൾക്കു കോഴ്സുകൾകൊണ്ടുപോയി നല്കുന്നത് പതിവായിരുന്നു. ഞങ്ങളുടെ സ്ഥാപനമായ ഗുഡ്ന്യൂസ് അവരുടെ വിളിപ്പേരായിമാറി. മക്കൾ അക്കാര്യം വീട്ടിൽവന്ന് പറഞ്ഞപ്പോൾ എന്റെ പ്രതികരണം, "Bad News"എന്നു നിങ്ങൾ അറിയപ്പെടുന്നതിൽ എത്രയോ അഭിമാനകരമാണ് "Good News"എന്ന് അറിയപ്പെടുന്നത്.

## SOCIAL HOUR

ദൂരദർശൻ ടി.വി.യുടെ ആരംഭകാലം നാലുമണിനേരം ടി.വി. യിൽ സിനിമാ സംപ്രക്ഷേപണം ഇല്ലാതിരുന്ന ഒരു കാലം. സമീപപ്രദേശങ്ങളിലെ സഭകളിൽ ഒന്നും തന്നെ കൗമാരപ്രായക്കാർക്കു ഒരു റിക്രിയേഷനും ഇല്ലാതിരുന്ന കാലം. അന്നാണ് ഞങ്ങൾ കേശവദാസപുരം ജംക്ഷനു സമീപം ഒരു ബാപ്റ്റിസ്റ്റ് ഇവാൻജലിസ്റ്റിക് സെന്റർ ആരംഭിച്ചത്. അവിടെ ഞായറാഴ്ച ആരാധനയും സൺഡേസ്ക്കൂളും ഒക്കെ ആരംഭിച്ചു. എന്നാൽ അവിടെയോ ചുറ്റുപാടുമുള്ള സഭകളിലോ ശനിയാഴ്ച സായാഹ്നത്തിൽ കൗമാരക്കാരെ ആകർഷിക്കുന്ന പരിപാടികൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. അങ്ങനെ അവരെ ആകർഷിക്കാൻ പാകത്തിൽ"സോഷ്യൽഔവർ" എന്ന പരിപാടി ആരംഭിച്ചു. ആദ്യത്തെ 2 മണിക്കൂർ കാരംബോർഡു, ചെസ്സ് തുടങ്ങിയ കളിസാമഗ്രികൾ ഉണ്ടായിരുന്നു. പിന്നീട് ഒരുകോഫി ബ്രെയ്ക്ക്. അതിനുശേഷം ഗാനപരിശീലനം. അവസാനമായി 20 മിനിറ്റിനുള്ള ഒരു സുവിശേഷദൂതും. ഞങ്ങളുടെ സോഷ്യൽ ഔവർ നാനാജാതി മതസ്ഥരായ നൂറോളം കൗമാരക്കാരെ ആകർഷിച്ചു. നിരവധി ബാലികാബാലന്മാർ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീകരിച്ചു ജീവിതത്തിനു രൂപാന്തരം പ്രാപിച്ചിട്ടുണ്ട്.

ആയിടയ്ക്കാണ് ദൂരദർശനിൽ 4 മണിമുതൽ മലയാള സിനിമകളുടെ സംപ്രേക്ഷണം ആരംഭിച്ചതും കുഞ്ഞുങ്ങളുടെ കൊഴിഞ്ഞുപോക്ക് ആരംഭിച്ചതും. തദ്വാരാ സോഷ്യൽ ഔവറിനുള്ള കാലികപ്രസക്തി നഷ്ടപ്പെട്ടു. സോഷ്യൽ ഔവർ നിർത്തേണ്ടിവന്നെങ്കിലും കൂടുതൽ ഊർജ്ജിതമായി ഗുഡ്ന്യൂസ് സ്റ്റാഫംഗങ്ങൾ പ്രവർത്തിച്ചു. സൺഡേസ്ക്കൂൾ, വെക്കേഷൻ ബൈബിൾസ്ക്കൂൾ കേരളത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ഏകദിന സമ്മേളനങ്ങൾ, ത്രിദിന

ക്യാമ്പുകൾ ഇവയിലൂടെ കൗമാരക്കാരെ മാത്രമല്ല, യുവജനങ്ങളെയും സ്വാധീനിച്ചു. ഭാരതസുവിശേഷീകരണം ലക്ഷ്യമാക്കി 1978-ൽ തപാൽവഴി വേദപഠനം ഗുഡ്ന്യൂസ് കറസ്പോണ്ടൻസ് സ്കൂൾ എന്ന പേരിൽ ആരംഭിക്കുകയുണ്ടായി. മലയാളത്തിലും, ഇംഗ്ലീഷിലും തപാൽ വഴി വേദപഠനം ഇപ്പോഴും തുടരുന്നു. 12000-ലധികം പേർ ഞങ്ങളുടെ ഡിപ്ലോമാ പ്രോഗ്രം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. അവർക്കെല്ലാം ഡിപ്ലോമയും, മുഴുവേദ പുസ്തകവും സമ്മാനിച്ചിട്ടുണ്ട്. ഇംഗ്ലീഷ്, മലയാളം ഭാഷകളിലൂടെ വേദപഠനം തികച്ചും സൗജന്യമായി ആവശ്യക്കാർക്ക് ഇന്നും ലഭ്യമാണ്.

കേരളത്തിന്റെ വിവിധ ഭാഗങ്ങൾ കേന്ദ്രീകരിച്ച് കറസ്പോണ്ടൻസ് കോഴ്സ് പൂർത്തീകരിച്ച വ്യക്തികൾക്ക് സൗജന്യമായി ബൈബിളും, ഡിപ്ളോമ സർട്ടിഫിക്കറ്റും നല്കുന്നതിന് ഏകദിന കോൺഫറൻസുകൾ നടത്തുവാൻ ദൈവം സഹായിച്ചു. ബാർട്ടൻഹിൽ, മുടവൻമുകൾ തുടങ്ങിയ സ്ഥലങ്ങളിലെ വി.ബി.എസ്., ചെഷയർ ഹോമിലെ പ്രവർത്തനം, കാട്ടാക്കട ക്രിസ്ത്യൻ കോളെജിലെ പ്രയർ ഗ്രൂപ്പ് കൂടാതെ പരസ്യയോഗങ്ങൾ, നേതൃത്ത്വ പരീശീലന പരിപാടികൾ, ഈസ്റ്റർ, ക്രിസ്മസ് തുടങ്ങിയ ദിവസങ്ങളിൽ തിരുവനന്തപുരം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയ പ്രത്യേക പരിപാടികൾ, ട്രാക്റ്റ് വിതരണങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, ഇവയെല്ലാം സുവിശേഷം അറിയിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള വിവിധ നിലകളിൽ സുവിശേഷം അറിയിച്ചതിന്റെ ഫലമായി 3 സഭകൾ സ്ഥാപിക്കുവാൻ സാധിച്ചു.

തിരുവനന്തപുരം സിറ്റിയിലെ ആദ്യത്തെ ബാപ്റ്റിസ്റ്റ് ചർച്ച് ഗുഡ്ന്യൂസിന്റെ നേതൃത്ത്വത്തിൽ 1980 ഫെബ്രുവരി 6-ന് ഫസ്റ്റ് ബാപ്റ്റിസ്റ്റ് ചർച്ച് ഓഫ് ട്രിവാൻഡ്രം എന്ന പേരിൽ സമാരംഭിച്ചു. തുടർന്ന് സഭകൾ ഇല്ലാത്ത സ്ഥലങ്ങൾ കണ്ടെത്തി. അവിടെ സഭകൾ സ്ഥാപിച്ചു. അങ്ങനെ ചുള്ളിമാനൂരിലെ താഴ്ന്നമല എന്ന പ്രദേശംകേന്ദ്രമാക്കി കാൽവരി ബാപ്റ്റിസ്റ്റ് ചർച്ച് എന്ന പേരിൽ ഒരു സഭ സ്ഥാപിക്കുവാൻ സാധിച്ചു. അതിനെത്തുടർന്ന് പേരയത്തിനടുത്ത് പഴവിള കേന്ദ്രമാക്കി ഒരു പുതിയ കൂടിവരവ് ആരംഭിക്കുകയും കാലക്രമേണ അവിടെ ബഥേൽ ബാപ്റ്റിസ്റ്റ്ചർച്ച് എന്ന പേരിൽ ഒരു സഭ സ്ഥാപിക്കുവാനും ദൈവം സഹായിച്ചു.

ദൈവവചനത്തിലും അതുപോലെ പൊതുവിജ്ഞാനത്തിലും ആഴമേറിയ അറിവ് സാധാരണക്കാർക്കും, ഉന്നതർക്കും പകർന്നു കൊടുക്കുന്നതിനായി ഒരു ലൈബ്രറിയും ഗുഡ്ന്യൂസ് ഓഫീസിൽ പ്രവർത്തിച്ചുവന്നിരുന്നു. ഇംഗ്ലീഷിലും, മലയാളത്തിലുമുള്ള ബൈബിൾ

റഫറൻസ്, കമന്ററി ബുക്കുകൾ ഉൾപ്പെട്ട പുസ്തകങ്ങളുടെ കലവറ തന്നെയാണ് അത്.

1987 ജൂലൈ 1 മുതൽ നിലമ്പൂരിൽ ഗുഡ് ന്യൂസ്സെന്റർ എന്ന പേരിൽ ഒരു ബുക്ക്സ്റ്റാൾ തുടങ്ങുവാനിടയായി. (Rev. K.M. Kurien ന്റെ നേതൃത്ത്വത്തിൽ). അക്കാലത്ത് അവിടെ ബൈബിൾ ലഭിക്കുവാൻ വളരെ പ്രയാസമായിരുന്നു. തുടർന്ന് ഈ ബുക്ക്സ്റ്റാളിൽ നിന്നും ബൈബിളുകളും, പാട്ടുപുസ്തകങ്ങളും, ലക്ഷക്കണക്കിന് ട്രാക്റ്റുകളും, മാസികകളും, ചെറുപുസ്തകങ്ങളും വിതരണം ചെയ്യുന്നതിന് സാധിച്ചു.

ട്രിവാൻഡ്രം ബൈബിൾ കോളേജിന്റ (TBC) സ്ഥാപക പ്രിൻസിപ്പലും, അഡ്മിനിസ്ട്രേററിവ് സെക്രട്ടറിയും ആയിരുന്നു ഡോക്ടർ ചാൾസ് ജോൺ. 1995-ൽ ബാപ്റ്റിസ്റ്റ് ചിൽഡ്രൻസ് ഹോമിന്റെ പ്രവർത്തനം തിരുവ നന്തപുരത്ത് ആരംഭിക്കുവാൻ ദൈവം സഹായിച്ചു. ഒരു ഭവനാന്തരീക്ഷ ത്തിൽ ഒരു കുടുംബത്തിന്റെ ഭാഗമായി വളരുവാനുള്ള അവസരം നല്കുന്ന പ്രത്യേക സംവിധാനത്തിലാണ് ബാപ്റ്റിസ്റ്റ് ചിൽഡ്രൻസ് ഹോം പ്രവർത്തിച്ചു വരുന്നത്. ഇപ്പോഴും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. അനാഥരായ അനേകം കുട്ടികൾക്ക് ഇവിടം ഒരു ആശ്രയ കേന്ദ്രമാണ്. ഇതിന്റെ ചുമതല വഹിക്കുന്നത് Rev. & Mrs.Abraham Thomas ആണ്.

ഗുഡ് ന്യൂസ് മിനിസ്ട്രീസിന്റെ ഒരു പുതിയ കാൽവെപ്പാണ് ഗുഡ് ന്യൂസ് കാസെറ്റ്സ്. ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ ജോയിന്റ് ഡയറക്ടർ ശ്രീമതി അന്നമ്മ സി. ജോൺ രചിച്ച ഗാനങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഗുഡ്ന്യൂസ് കാസെറ്റുകളിലെ ഗാനങ്ങൾ ആലപിച്ച ഗായകർ എല്ലാവരും രക്ഷിക്കപ്പെട്ടവരും നല്ല സാക്ഷ്യം പുലർത്തുന്നവരുമായ ദൈവ മക്കളാണ്. 11 കാസെറ്റുകൾ / സിഡികൾ പുറത്തിറക്കുവാൻ ദൈവ കൃപയാൽ സാധിച്ചു.

ഏതാണ്ടു 15 വർഷം മുമ്പ് ശ്രീമതി അന്നമ്മ സി. ജോൺ സമാരംഭിച്ച ക്രൈസ്തവ വനിത എന്ന പ്രസിദ്ധീകരണം അതിന്റെ തുടക്കംകുറിച്ച അന്നമ്മ ചാൾസ്ജോണും, പിന്നീട് ചീഫ്എഡിറ്റർ ആയി പ്രവർത്തിച്ച ശ്രീമതി മേരി അഞ്ചനും ഇന്ന് നിത്യതയിൽ വിശ്രമിക്കുന്നു. ഗുഡ്ന്യൂസ് മിനിസ്ട്രീസിൽ 35 വർഷത്തിലധികമായി സേവനം അനുഷ്ഠിക്കുന്ന ശ്രീമതി ഷെറിൻ കിംഗ്സ്റ്റൻ ഇപ്പോൾ ചീഫ്എഡിറ്റർ പദവി അലങ്കരിക്കുന്നു. കാലിക പ്രസക്തിയുള്ള പതിനായിരക്കണക്കിനു ലേഖനങ്ങൾ ഞങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്നും ആ ശുശ്രൂഷ അഭംഗുരം തുടരുന്നു.

ഏതാണ്ടു പത്തുവർഷങ്ങൾക്കുമുമ്പ് ഗുഡ്ന്യൂസ് നേതൃത്ത്വത്തെ തകിടംമറിക്കാൻ ഒരു വിഫലശ്രമം നടന്നു. ഒരു കാലത്ത് രാഷ്ട്രീട

സാമൂഹ്യ സാമുദായിക മതമണ്ഡലങ്ങളുടെ കുത്തകയായിരുന്ന അത്തരം പ്രവണതകൾ സുവിശേഷഗോളത്തിൽ സ്വാധീനം ചെലുത്തിയിരിക്കുന്നു എന്നത് ഖേദകരമായ വസ്തുതയാണ്. എന്റെ കൈകളാൽ സ്നാനപ്പെടുത്തിയ ഒരു സഹോദരൻ ഞങ്ങൾ നിർബ്ബന്ധിത മതപരിവർത്തനം ചെയ്താണ് താൻ ക്രിസ്ത്യാനി ആയതെന്ന് അധികാരികളെ അറിയിക്കുവാൻ തയ്യാറായി, മുപ്പതിൽപരം വർഷം ഗുഡ്ന്യൂസ് മിനിസ്ട്രീസിൽ സേവനം അനുഷ്ഠിച്ചശേഷമാണ് ഞങ്ങളെ ജാമ്യമില്ലാവകുപ്പു ചുമത്തി തുറുങ്കിലടയ്ക്കുവാൻ അദ്ദേഹം സന്നദ്ധത പ്രകടിപ്പിച്ചത്. (ഞങ്ങൾ അദ്ദേഹത്തിന് ജോലി നല്കിയതിനുള്ള പ്രതിഫലം). മറ്റൊരു സഹോദരൻ ഒരു ഉപജാപക സംഘത്തെത്തന്നെ ഞങ്ങൾക്കെതിരായി അണിനിരത്തി ഗുഡ്ന്യൂസ് മിനിസ്ട്രീസിനെ തട്ടിയെടുത്ത് കർത്താവിന്റെ വേലയെ ''തകിടംമറിക്കാൻ'' ഒരു വിഫലശ്രമം നടത്തുകയുണ്ടായി. അടിസ്ഥാനരഹിതമായ ആരോപണങ്ങളുടെ പിൻബലത്തോടെ എന്നെ ഉണ്ട തീറ്റിക്കും എന്ന ഭീഷണിയും മുഴക്കി ഞങ്ങളെ മാനസികമായി പീഡിപ്പിക്കുവാനും ശ്രമങ്ങൾ നടന്നെങ്കിലും വാഗ്ദത്തം ചെയ്ത വിശ്വസ്തനായ ദൈവം കാലിടറാതെയും വീണുപോകാതെയും ഞങ്ങളെ സൂക്ഷിച്ചു. അവിടത്തെ വിലയേറിയ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.

ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ വളർച്ചയ്ക്കു പിന്നിൽ നിസ്വാർത്ഥ സേവനം അനുഷ്ഠിച്ച എന്റെ സഹോദരൻ ശ്രീ. ജോർജ് ജോണിനോടും ഇപ്പോൾ നിത്യതയിൽ വിശ്രമിക്കുന്ന എന്റെ സഹധർമ്മിണി അന്നമ്മയോടും സഹോദരി മേരി അഞ്ചനോടും (തുംകൂർ) ഉള്ള അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളട്ടെ. അഞ്ചു പതിറ്റാണ്ടു പിന്നിടുന്ന ഈ സുവിശേഷയജ്ഞത്തിൽ പങ്കാളികളായിരുന്ന എല്ലാ സ്റ്റാഫംഗങ്ങളോടുമുള്ള നന്ദിയും സ്നേഹവും അറിയിച്ചുകൊള്ളുന്നു.

അതുകൂടാതെ ഞങ്ങളുടെ 3 മക്കൾ അവർ പഠിച്ചിരുന്ന സ്കൂളുകളിൽ സുവാർത്ത (Good News) യുടെ വക്താക്കളായി സാക്ഷ്യം വഹിക്കയും ഇപ്പോൾ ഈ പ്രവർത്തനത്തെ സാമ്പത്തികമായി സഹായിക്കയും ചെയ്യുന്ന അവരോടുള്ള നന്ദിയും ഈ അവസരത്തിൽ രേഖപ്പെടുത്തട്ടെ.

ഞങ്ങളുടെ സുവിശേഷയാത്ര ആരംഭിക്കുന്നത് ഇല്ലിനോയിയിലെ വീറ്റൺ എന്ന ചെറിയ പട്ടണത്തിൽ താമസിച്ചിരുന്ന ഡോ. വിഗോ ഓൾസന്റെ ഭവനത്തിലാണെങ്കിൽ അതിന്റെ പര്യവസാനം കേരളത്തിലെ തിരുവനന്തപുരം കേന്ദ്രീകരിച്ചാണ്. ആ യാത്ര ബംഗ്ലാദേശിലെ മലുംഘട്ടിൽ എത്തിയില്ല. ബാപ്റ്റിസ്റ്റ് മിഡ് മിഷ്യന്റെ നിർദ്ദേശപ്രകാരം അത് അമേരിക്കൻ ക്യാമ്പസുകളിലോ, ഇൻഡ്യാക്കാർ

ധാരാളമായി അധിവസിക്കുന്ന യൂബാസിറ്റി (കാലിഫോർണിയ) യിലോ, മിഷ്യന്റെ വടക്കുകിഴക്കൻ ഇൻഡ്യയിലെ ആശുപത്രികളിലോ, തെന്നിന്ത്യൻ സിറ്റിയിലെ സഭാരൂപീകരണത്തിലോ ഞങ്ങളെ എത്തിച്ചില്ല. പ്രത്യുത, ദൈവം തിരഞ്ഞെടുത്ത തിരുവനന്തപുരം പട്ടണത്തിലാണ് ഞങ്ങളെ എത്തിച്ചത്. സുവിശേഷഗോളത്തിലെ അനഭിലഷണീയമായ പ്രവണതകൾ ഒന്നും ഞങ്ങളുടെ ലക്ഷ്യപ്രാപ്തിക്കു വിഘാതമായില്ല. കാരണം ഞങ്ങളെ വിളിച്ചവൻ ആയിരുന്നു ഞങ്ങൾക്കു വേണ്ടി തീരുമാനങ്ങൾ എടുത്തത്; ഞങ്ങൾ അല്ലായിരുന്നു. വിളിച്ച ദൈവം വിശ്വസ്തൻ. അവസാനം വരെ നിലനിർത്തുവാൻ ശക്തൻ എന്ന് ഉറച്ചുമിരിക്കുന്നു. ദൈവനാമത്തിന് മഹത്ത്വമുണ്ടാകട്ടെ.

**ഡോ. ചാൾസ് ജോൺ. തിരുവനന്തപുരം**

---

*പേജ് 25 ന്റെ തുടർച്ച (ഉടമസ്ഥന് ഉപയോഗപ്പെടണമോ)*

തീർന്നേനേം. ഇങ്ങനെയാണ് നാം ഓരോരുത്തരും. നമ്മെക്കുറിച്ച് കർത്താവിന് ചില പദ്ധതികൾ ഉണ്ട്. ആ രീതിയിൽ കർത്താവിന്റെ കൈയ്യിൽ നാം ഇരുന്നുകൊടുത്തില്ല എങ്കിൽ, ചവിട്ടി കുഴച്ച് പതം വരുത്തുമ്പോൾ ആ പാദത്തിൽ വീണുകിടന്ന് അവിടുത്തെ ഇഷ്ടം എന്നിൽ നിറവേറ്റണമേ എന്നെ അപ്പന്റെ കരങ്ങളിൽ ഞാൻ തരുന്നു എന്നു പറഞ്ഞ് ഏൽപ്പിച്ചു കൊടുക്കുമ്പോൾ മാത്രമേ തളർന്നു പോകാതെ നില്ക്കാൻ കഴിയുകയുള്ളൂ. 'എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്ന് നാം അറിയുന്നു' (റോമർ 8:28).

ഈ ചിന്തകളാൽ ദൈവം നമ്മളെ ഏവരെയും സഹായിക്കുമാറാകട്ടെ. ദൈവനാമത്തിനു മഹത്ത്വം ഉണ്ടാകുമാറാകട്ടെ.

**മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ**

*"ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ടു*
*വരുവാനുള്ളവൻ വരും താമസിക്കയുമില്ല;"*
*എന്നാൽ "എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും;*
*പിന്മാറുന്നു എങ്കിൽ എന്റെ ഉള്ളത്തിന് അവനിൽ പ്രസാദമില്ല."*
*നാമോ നാശത്തിലേക്കു പിന്മാറുന്നവരുടെ കൂട്ടത്തിലല്ല,*
*വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു.*
*എബ്രായർ 10:37–39*

# നമ്മുടെ യൂണിഫോം

ബഹുമാനപ്പെട്ട ജയിൽ ഉദ്യോഗസ്ഥരേ സുഹൃത്തുക്കളേ നിങ്ങളുടെ വസ്ത്രധാരണം നിങ്ങൾ മൂന്നു കൂട്ടരാണെന്ന് വിളിച്ചറിയിക്കുന്നു. ഒരു കുട്ടർ ശിക്ഷിക്കപ്പെട്ടവർ, മറ്റുള്ളവർ ശിക്ഷ കാത്തു കഴിയുന്നവർ, കൂടാതെ ഉദ്യോഗസ്ഥർ. നാം ധരിക്കുന്ന വസ്ത്രം നാം ആരെന്ന് വെളിവാക്കുന്നു. വേഷം മാറി നടക്കുന്നവരെ ഈ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നില്ല. നാം ധരിക്കുന്ന വസ്ത്രം മറ്റുള്ളവരിൽ സമ്മതം ഉളവാക്കണമെന്നാണല്ലോ നാം ആഗ്രഹിക്കുന്നത്. സ്ഥാനത്തിനും തൊഴിലിനും അവസരത്തിനുമനുയോജ്യമായ വസ്ത്രമാണ് നാം ധരിക്കുന്നത്. ചില സ്ഥാനങ്ങളിലും അവസരങ്ങളിലും തൊഴിലുകളിലും ആവശ്യമായ വസ്ത്രം തിരഞ്ഞെടുക്കുവാൻ നമുക്ക് സ്വാതന്ത്ര്യമില്ല. മറ്റുള്ളവർ നമുക്കായി തിരഞ്ഞെടുപ്പു നടത്തുന്നു. പോലീസുകാരനും, പട്ടക്കാരനും, വക്കീലും, വൈദ്യനും ഒക്കെ മാന്യത ലഭിക്കുന്നതും, അവർ ആരെന്ന് വെളിപ്പെടുത്തുന്നതും വസ്ത്രധാരണത്തിലൂടെയാകുന്നുവല്ലോ. യൂണിഫോമില്ലാതെ ചില ജോലികൾ പാടില്ലെന്നും നമുക്കറിയാം.

> ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ
> **“തടവുകാരെ തേടി”**
> എന്ന പുസ്തകത്തിൽ നിന്നും

ചില വസ്ത്രധാരണം മാന്യതയെയും അധികാരത്തെയും വിളിച്ചോതുമ്പോൾ ചിലത് ശോച്യാവസ്ഥയെയും നിസ്സഹായതയെയും തരം താഴ്ത്തലിനെയും ഉറക്കെ പ്രസ്താവിക്കുന്നു. ഇവിടെ നിന്നു പോയാൽ പിന്നീട് ഇതു ധരിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുകയില്ല. ഈ വസ്ത്രം ജയിൽ വളപ്പിൽ മാത്രമാണ് നിങ്ങൾ ധരിക്കുന്നത്. തടവുകാരോട് പ്രസംഗിക്കുന്നവർ അവരുടെ യൂണിഫോം ഇട്ടാണവിടെ പ്രസംഗിക്കുന്നത്. ഇത് വ്യവസ്ഥ ആയതിനാൽ അതിഥികൾക്കായി കരുതിയിരുന്നതിൽ ഒരെണ്ണം അവർ എനിക്കും തന്നു. അത്ര സന്തോഷത്തോടെയല്ല ഞാനത് ധരിച്ചത്. ഞങ്ങളുടെ പരിപാടി നേരത്തെ നോട്ടീസിലുണ്ടായിരുന്നതിനാൽ ഞാൻ സദസ്സിൽ എത്തിയ ഉടനെ ‘വെൽകം ഡോ. ചാക്കോ’ എന്നവർ എന്നെ അഭിവാദ്യം ചെയ്തു സ്വീകരിച്ചു. അവരും ഞാനും ഒരേ യൂണിഫോമിൽ ആദ്യം എനിക്ക് പ്രയാസം തോന്നി. പിന്നീട് ഒരു വസ്തുത എനിക്ക് ബോധ്യപ്പെട്ടു. ഞാനും അവരും തമ്മിലുള്ള വ്യത്യാസം എന്താണ്? പിടിക്കപ്പെട്ടതിനാൽ അവർ അകത്തും പിടിക്കപ്പെടാതിരുന്നതിനാൽ ഞാൻ പുറത്തും.

അന്ന് ഞാൻ അവരോട് ബൈബിളിലെ ഒരു തടവുകാരന്റെ അനുഭവം വിവരിച്ചാണ് സംസാരിച്ചത് ഈ ചരിത്രസംഭവം ഞാൻ കുറിക്കട്ടെ. യഹൂദരാജാവായ യെഹോയാഖീന്റെ പ്രവാസത്തിന്റെ മുപ്പ

ത്തേഴാമാണ്ടിൽ പന്ത്രണ്ടാം മാസം ഇരുപത്തേഴാം തീയതി ബാബേൽ രാജാവായ എവിൽ മേരോദക്, താൻ രാജാവായ ആണ്ടിൽ യെഹൂദാ രാജാവായ യെഹോയാഖിനെ കടാക്ഷിച്ച് കാരാഗൃഹത്തിൽ നിന്നു വിടുവിച്ച് അവനോടു ആദരവായി സംസാരിച്ച് അവന്റെ ആസനത്തെ തന്നോടുകൂടെ ബാബേലിൽ ഉണ്ടായിരുന്ന രാജാക്കന്മാരുടെ ആസനങ്ങൾക്കു മേലായി വച്ചു. അവന്റെ കാരാഗൃഹവസ്ത്രം മാറ്റി, അവൻ ജീവപര്യന്തം നിത്യം അവന്റെ സന്നിധിയിൽ ഭക്ഷണം കഴിച്ചുപോന്നു. അവന്റെ അഹോവൃത്തിയോ, രാജാവ് അവന് അവന്റെ മരണദിവസം വരെ അവന്റെ ജീവകാലമൊക്കെയും നിത്യവൃത്തിക്ക് ദിവസംപ്രതിയുള്ള ഓഹരികൊടുത്തു പോന്നു' (2 രാജാക്കന്മാർ 25:27-30)

'യെഹോയാഖീൻ വാഴ്ച തുടങ്ങിയപ്പോൾ അവന് പതിനെട്ടു വയസ്സായിരുന്നു. അവൻ മൂന്നു മാസവും പത്തു ദിവസവും യെരുശലേമിൽ വാണു. അവൻ യഹോവയ്ക്ക് അനിഷ്ടമായുള്ളതു ചെയ്തു. എന്നാൽ പിറ്റേയാണ്ടിൽ നെബുഖദ്നേസർ രാജാവ് ആളയച്ച് അവനെയും യഹോവയുടെ ആലയത്തിലെ മനോഹരമായ ഉപകരണങ്ങളെയും ബാബേലിലേക്കു വരുത്തി. അവന്റെ സഹോദരനായ സിദെക്കീയാവെ യെഹൂദയ്ക്കും യെരുശലേമിനും രാജാവാക്കി.' (2 ദിനവൃത്താന്തം 36:9-10). 37 വർഷം അന്യരാജ്യത്ത് അടിമയായി ജയിലിൽ കഴിയേണ്ടിവന്നു. ബാബേലിൽ എവിൽ മെരോദക് രാജാവായി വന്നപ്പോൾ, തടവിൽ കിടന്ന മുൻ യഹൂദരാജാവായ യെഹോയാഖീനെ ഓർത്തു അയാളെ പുറത്തുകൊണ്ടുവന്നു. അയാളോട് ചെയ്ത കരുണയുടെ പ്രവൃത്തികളാണ് ചിന്താവിഷയം

ഒന്നാമതായി രാജാവ് തടവുകാരനെ കടാക്ഷിച്ചു. അനുകമ്പാപൂർണ്ണമായ ഒരു നോട്ടമുണ്ടായി. പലപ്പോഴും ഒരു തടവുകാരന് ലഭിക്കാത്ത ഒന്നാണത്. നിയമം പാലിക്കേണ്ട പോലീസ് ഉദ്യോഗസ്ഥന്റെ മുമ്പിൽ കരുണ എന്നൊരു കാര്യം ഇല്ല. ഗവൺമെന്റ് യന്ത്രത്തിന് വികാരമില്ലല്ലോ. കോടതിയിൽ സത്യം ചെയ്യുന്നുണ്ടെങ്കിലും നീതിയുടെയും ന്യായത്തിന്റെയും അടിസ്ഥാനത്തിലാണല്ലോ കാര്യങ്ങൾ എപ്പോഴും നീങ്ങുന്നത്. ജയിലിലും നിയമമുണ്ടല്ലോ മനുഷ്യത്വത്തെക്കാൾ മുമ്പിൽ. ഇനി സമൂഹത്തിൽ ചെന്നാലോ പുച്ഛമായ നോട്ടം, പരിഹാസച്ചിരി. അവജ്ഞയോടെയുള്ള സമീപനം. ഇതല്ലേ ലഭിക്കാറുള്ളത്. ഇവിടെ തടവുകാരനായ യെഹോയാഖീന് ഒരു കാരുണ്യകടാക്ഷം കിട്ടുന്നു. അതും രാജാവിന്റെ അടുക്കൽ നിന്നും. അന്നദാതാവായ പൊന്നു തമ്പുരാനാണല്ലോ രാജാവ്. അദ്ദേഹം കടാക്ഷിച്ചാൽ കാര്യം നേരെയായി. ജയിൽവകുപ്പും, ആഭ്യന്തരവും, വിജിലൻസുമൊക്കെ വകുപ്പും ശക്തിയുള്ളവയാകുന്നുവല്ലോ. അതിന്റെ തലപ്പത്തുള്ളവരിൽ നിന്നുള്ള കടാക്ഷം പ്രത്യാശ തരുന്നതാണ്.

രണ്ടാമതായി നടക്കുന്നത് വിടുതലായിരുന്നു. കടാക്ഷം പ്രായോഗികമായി യെഹോയാഖിനെ ജയിൽ വിമുക്തനാക്കുന്നു. ബന്ധനത്തിൽ നിന്നും പുറത്തു കൊണ്ടുവരുന്നു. നിങ്ങൾ എല്ലാവരും ആഗ്രഹിക്കുന്ന ഒന്നാണ് പുറത്തു വരിക എന്നുള്ളത്. ആരും ഇവിടെ സ്ഥിരമല്ല. ഇരുമ്പ് ഗെയിറ്റുകൾ ഞരങ്ങിക്കൊണ്ട് തുറക്കും. നിങ്ങൾ പുറത്തുവരും. കാരണം പുറത്തുകൊണ്ടുവരുവാൻ അധികാരമുള്ള വനാണ് കടാക്ഷിച്ചിരിക്കുന്നത്. രാജാവിന് അതിനധികാരമുണ്ട്. നിങ്ങളുടെ ജയിൽമുറി ജീവിതത്തിന്റെ അവസാന അദ്ധ്യായമെന്ന് ചിന്തിക്കരുത്. വിടുതൽ ഉണ്ട്. വളരെ ദൂരത്തിലല്ല. നിയമങ്ങളെയും നിയമജ്ഞരെയും നിയന്ത്രിക്കുന്ന രാജാധിരാജാവ് നിങ്ങളുടെ വിടുത ലിൽ തൽപരനാണ്.

മൂന്നാമത് കാണുന്നത് രാജാവ് തടവുകാരനായ യെഹോയാ ഖിനോട് ആദരവോടെ സംസാരിച്ചു എന്നുള്ളതാണ്. തടവുകാരനോട് ആരും ആദരവോട് സംസാരിക്കാറില്ലല്ലോ. ജയിലിൽ കേൾക്കുന്നത് അധികാരഗർവ്വോടെയുള്ള ഉത്തരവുകൾ മാത്രം. ആദരവോ, സ്നേ ഹമോ ഒന്നും അതിന്റെ രുചിയിലില്ല. ഭയപ്പെടുത്തുവാനും അനുസരിപ്പി ക്കുവാനുമുള്ള ശബ്ദം മാത്രം. എന്നാൽ അങ്ങോട്ട് ആദരവോടെ സംസാരിച്ചില്ലെങ്കിൽ വിവരം അറിയുകയും ചെയ്യും. ഇവിടെ ഇതാ ഒരു രാജാവ് അന്യനാട്ടുകാരനായ ഒരു തടവുകാരനോട് ആദരവായി സംസാരിക്കുന്നു. നിങ്ങൾ അനുഭവിക്കുന്നതിൽനിന്നും തികച്ചും വ്യത്യ സ്തം. പക്ഷെ ഈ തടവുകാരനോട് മറ്റാരും ഇതുവരെ ഇങ്ങനെ സംസാ രിച്ചിട്ടുണ്ടാകയില്ല. ആദരവോടെയുള്ള സംസാരം നമ്മിൽ പ്രതീക്ഷകളു ണർത്തും. രാജാവ് ഈ തടവുകാരനെ മാനിച്ചു.

നാലാമതായി കാണുന്നത് യെഹോയാഖിൻ എന്ന തടവുകാരന് രാജാവ് ഒരു ഇരിപ്പിടം കൊടുത്തു. കോടതിയിലോ പോലീസ് സ്റ്റേഷ നിലോ ജയിലിലോ ഒരു ഉദ്യോഗസ്ഥൻ നിങ്ങളോട് ഇരിക്കുവാൻ പറഞ്ഞിട്ടില്ലെന്ന് എനിക്കറിയാം. നിന്ന് കാൽ മരവിച്ചാലും ഇരിക്കുവാൻ അവകാശമില്ലല്ലോ. കിരാതഭരണത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും നാം ചുമക്കുന്നു. എന്നാൽ ഇന്ന് പരിഷ്കൃത ലോകജയിലുകളിൽ തടവുകാരൻ ഉദ്യോഗസ്ഥന്റെ മുന്നിൽ ഇരുന്നു സംസാരിക്കും. തടവുകാരനവിടെ വ്യക്തിത്ത്വം ഉണ്ട്. വ്യക്തിത്ത്വത്തിന് അംഗീകാരമുണ്ട്. ഇവിടെ അതില്ല. ജയിലിൽ വന്നാൽ അവനു പേരുപോലുമില്ല. കേവലം ഒരു നമ്പർ ആയി മാറുന്നു. സഹതാപത്തോടെ, സ്നേഹത്തോടെ, ആദരവോടെയുള്ള സംസാരരീതി ജയിലിലുണ്ടാകണമെന്നുള്ള ആഴ മായ ആഗ്രഹം എനിക്കുണ്ട്. ഇരിപ്പിടം സാധാരണ ഒന്നായിരുന്നില്ല. രാജാക്കന്മാരുടെ ആസനങ്ങൾക്ക് മീതെ, ചുരുക്കി പറഞ്ഞാൽ മെരൊ ദോക്ക് രാജാവിന് തുല്യമായ ആസനം. തനിക്കൊപ്പം ഇരുത്തി. എന്തോ രതിശയം. ഒരു തടവുകാരന് ആസനം കൊടുക്കുവാൻ, അവനെ ആദരി

ക്കുവാൻ കഴിയുന്ന ഒരു രാജാവ് ആരാണ്? അദ്ദേഹം എവിടെയുണ്ട്? ഒന്നു കാണുവാനെങ്കിലും കഴിഞ്ഞു എങ്കിൽ എന്ന് നിങ്ങൾ ആശിക്കുന്നുണ്ടാകും. ആ രാജാവിനെക്കുറിച്ച് ഞാൻ പിന്നാലെ പറയാം.

അഞ്ചാമത് ഈ രാജാവ് തടവുകാരന്റെ കാരാഗൃഹവസ്ത്രം മാറ്റി എന്നുള്ളതാണ്. നാണക്കേടിന്റെ, തരം താഴ്ത്തലിന്റെ, മനസ്സാക്ഷിയെ എപ്പോഴും കുറ്റം ഓർമ്മിപ്പിക്കുന്ന വസ്ത്രം. ഒരു പക്ഷെ മുമ്പു വന്ന മൂന്നോ നാലോ തടവുകാർ ഉപയോഗിച്ച് ദ്രവിക്കാൻ തുടങ്ങിയ പരുക്കൻ വസ്ത്രം. ആ വസ്ത്രം ധരിച്ച് ഒരാൾ പോകുമ്പോൾ പരിഹാസത്തോടെ മറ്റുള്ളവർ കൂകി വിളിച്ചിരിക്കും. എന്നാൽ ഇന്ന് അതിനോട് യാത്രപറയുകയാണ്. പുതിയ വസ്ത്രം അന്തസ്സും സ്ഥാനമഹിമയും കാണിക്കുന്ന രാജവസ്ത്രം ലഭിക്കുകയാണ്. യഹോയാഖീനു പക്ഷെ വിശ്വസിക്കാൻ നന്നെ പാടുപെടേണ്ടി വന്നു. എന്തൊക്കെയാണ് എനിക്കു സംഭവിക്കുന്നത്? അഭിമാനം നല്കുന്ന വസ്ത്രം. ഇനി ധൈര്യമായി ആളുകളുടെ മുമ്പിൽ പ്രത്യക്ഷപ്പെടാം.

തീർന്നില്ല. അടുത്തതായി കാണുന്നു ഭക്ഷണത്തിൽ പുതിയ ക്രമീകരണം. ഇതുവരെ കിട്ടിയ ഉണ്ടയും പരുക്കൻ ശാപ്പാടും, അതും അളന്നു തൂക്കി തന്നത്; തറയിലിരുന്ന മറ്റു തടവുകാരുടെ കൂട്ടത്തിൽ; ഉദ്യോഗസ്ഥന്മാരുടെ ഗർവ്വോടെയുള്ള നോട്ടത്തിനുമുമ്പിൽ ഇരുന്ന് കഴിച്ച ഭക്ഷണം. ആ ഡയറ്റ് മാറി. രാജാവിനോടുകൂടെ ഒരു രാജകീയ ഭക്ഷണം കഴിക്കാം. ഒരു പ്രത്യേക കാലാവധിക്കുള്ളതല്ല. ജീവപര്യന്തം ഇനി ഭക്ഷ്യപ്രശ്നമില്ല. രാജാവ് ഏറ്റെടുത്തിരിക്കുന്നു. മരണദിവസം വരെ, ജീവകാലമൊക്കെയും, നിത്യവൃത്തിക്കുള്ള ഓഹരി ഉറപ്പാക്കിയിരിക്കുന്നു രാജാവ്. അടുത്ത നേരത്തെ ശാപ്പാട് എവിടെനിന്നും വരുമെന്നുള്ള ആശങ്കയില്ല. അത് ഉറപ്പായി കഴിഞ്ഞു.

യെഹോയാഖീന്റെ മാനസിക അവസ്ഥ ഒന്ന് മനസ്സിലാക്കുവാൻ ശ്രമിക്കുക. അവന്റെ ഹൃദയം നന്ദിയാൽ നിറഞ്ഞിരിക്കും. കണ്ണുകൾ നനഞ്ഞിരിക്കും. ഞാൻ കേൾക്കുന്നതും കാണുന്നതും ശരിയോ എന്ന് പലപ്പോഴും സംശയിച്ചിരിക്കും. ഇങ്ങനെ ചെയ്യുവാൻ കഴിയുന്ന രാജാവ് ആരെന്ന് അറിയുവാൻ നിങ്ങൾക്ക് താല്പര്യമില്ലേ? ഞാൻ പരിചയപ്പെടുത്തി തരാം. ഒരു തടവുകാരനോട് സ്നേഹവും ദയയും കാണിക്കുവാനുള്ള ഹൃദയവും, അവനെ ഇരുമ്പഴിക്കുള്ളിൽനിന്നും വിടുവിക്കുവാൻ അധികാരവും, തടവുകാരന്റെ നഷ്ടപ്പെട്ടുപോയ അന്തസ്സ് തിരികെ നല്കി അവനെ രാജാക്കന്മാർക്ക് ഒപ്പം ഇരുത്തുവാൻ ശക്തനും, രാജാവിനോടൊപ്പം ഭോജനത്തിന് ഇരുത്തുവാൻ ദയയും, ജീവപര്യന്തം അഹോവൃത്തി നല്കി പോറ്റി പുലർത്തുവാൻ വേണ്ട സമ്പത്തുമുള്ള ഒരാൾ ഉണ്ട്. ആ രാജാവ് ദൈവം മാത്രമാണ്. മറ്റുള്ളവരെല്ലാം തടവുകാരനെ അകറ്റി നിർത്തുകയും ഒറ്റപ്പെടുത്തുകയും തള്ളിക്കളയുകയും ചെയ്യുന്നതല്ലേ ഇന്നത്തെ വ്യവസ്ഥിതി.

ഒരിക്കൽ ഒരു തെറ്റു ചെയ്താൽ ആജീവനാന്തം ശിക്ഷിക്കുന്ന സമ്പ്രദായമല്ലേ, നമുക്കുള്ളത്. നിയമം നല്കുന്ന ശിക്ഷ ഒന്ന്. അത് പ്രത്യക്ഷമാണ്. സമൂഹം നല്കുന്നത് പരോക്ഷമാണ്. മറ്റൊന്ന്, സുഹൃത്തുക്കളേ, നമ്മുടെ മുഴുവൻ കുറ്റങ്ങളും അഥവാ ലംഘനങ്ങളും പാപങ്ങളും നന്നായി അറിഞ്ഞിട്ടും നമ്മെ സ്നേഹിക്കുന്ന രാജാവ് നമ്മുടെ നിസ്സഹായാവസ്ഥ മനസ്സിലാക്കി നമ്മുടെ കുറ്റത്തിന്റെ ശിക്ഷ നമുക്കു വേണ്ടി സഹിച്ച് നമ്മോട് ദയകാണിച്ച്, നമ്മെ ശിക്ഷയിൽ നിന്നും രക്ഷിക്കുന്ന രക്ഷിതാവായ യേശു ക്രിസ്തു മാത്രമാണ്.

ദൈവം നമ്മെ ഓരോരുത്തരെയും സ്നേഹിക്കുന്നു. ആ സ്നേഹം പ്രദർശിപ്പിച്ചിരിക്കുന്നത് കുരിശിലാണ്. അവിടെയാണ് യേശു നമുക്കായി മരിച്ചത്. നമ്മുടെ പാപത്തിനു പ്രായശ്ചിത്തമായി. സ്നേഹത്തിന്റെ പാരമ്യം കാണുന്നത് കുരിശിലാണ്. ആ സ്നേഹം എന്നെ പാപത്തിൽനിന്നും വിടുവിക്കുവാൻ ശക്തമാണ്. എന്റെ തകർന്ന അവസ്ഥയിൽനിന്നും ഉയർത്തി ജീവിതം മാന്യമായി കെട്ടിപ്പടുക്കുവാൻ മതിയായതാണ്. നഷ്ടപ്പെട്ടതെല്ലാം തിരികെ നേടിത്തരുവാൻ എനിക്ക് കെല്പ്പു തരുന്നതാണ്. എന്റെ കാരാഗൃഹ അടിമത്തത്തിന്റെയും ബന്ധനത്തിന്റെയും നാണക്കേടിന്റെയും വസ്ത്രം മാറ്റി അംഗീകാരത്തിന്റെയും അധികാരത്തിന്റെയും വസ്ത്രം നല്കുവാൻ കഴിയുന്നതാണ്.

ആ രാജാവിന് നമ്മോടുള്ള സന്ദേശം ഒന്നു മാത്രമാണ്. ഞാൻ നിന്നെ സ്നേഹിക്കുന്നു. നിന്റെ തകർന്നു പോയ ജീവിതത്തെ ഞാൻ പണിതുയർത്താം. സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കിത്തരാം. നിങ്ങൾക്കു മനസ്സുണ്ടോ? ഒരു പുത്തൻ ജീവിതവും പുതിയ പ്രതീക്ഷയും ലഭിച്ച് ജീവിതം പുതുതായി തുടങ്ങുവാൻ ആഗ്രഹമുണ്ടോ? ഈ ബന്ധനം അഴിച്ചു കളഞ്ഞ്, നാണക്കേടിന്റെയും കുറ്റബോധത്തിന്റെ ഓർമ്മ നല്കുന്നതുമായ വസ്ത്രം ഉരിഞ്ഞുകളഞ്ഞ്, ജയിലിൽനിന്നും കൊട്ടാരത്തിലേക്കും ദാരിദ്ര്യത്തിൽനിന്നും ഐശ്വര്യത്തിലേക്കും. നിരാശയിൽ നിന്നും പ്രത്യാശയിലേക്കും, സങ്കടത്തിൽനിന്നും സന്തോഷത്തിലേക്കും എത്തിച്ചേരുവാനുള്ള മാർഗ്ഗം നിങ്ങളുടെ മുമ്പിലുണ്ട്. യേശുക്രിസ്തുവുമായി ബന്ധപ്പെടുക. ഇതെങ്ങനെ സാധിക്കും? പാപത്തെ ഓർത്ത് പശ്ചാത്തപിക്കുക. ക്ഷമിക്കുകയും മറക്കുകയും ചെയ്യുന്ന യേശു ക്രിസ്തുവിൽ ശരണപ്പെടുക. നിങ്ങളുടെ പാപത്തിന്റെ പരിഹാരത്തിനായുള്ള ബലിയാണ് യേശുവിന്റെ ക്രൂശുമരണം. അതു നിങ്ങൾക്കു വേണ്ടി ആകുന്നു എന്ന് അംഗീകരിക്കുക. പാപങ്ങളെ ഏറ്റു പറയുക. ക്ഷമയും വിടുതലും ദൂരത്തിലല്ല. ഒരു പ്രാർത്ഥനയുടെ അകലത്തിൽ മാത്രം. *(ബൾഗേറിയയിലെ സോഫിയ ജയിലിൽ ചെയ്ത പ്രസംഗം)*

**ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം**

## Bible Quiz

**ഈ ലക്കം Quest 6 – ലെ ചോദ്യങ്ങൾ സദൃശവാക്യങ്ങൾ എന്ന പുസ്തകത്തിൽ നിന്നാണ്.**

1. ആരുടെ കണ്ണാണ് ഭൂമിയുടെ അറുതികളിലേക്കു നോക്കുന്നത്?
2. വിവേകത്തിനു സഖി എന്ന് പേർ വിളിക്കുമ്പോൾ ജ്ഞാനത്തിന് എന്ത് പേർ വിളിക്കണം?
3. കഴുകൻ ആകാശത്തേക്ക് എന്ന പോലെ അത് ചിറകെടുത്ത് പറന്നുകളയും എന്ത്?
4. ന്യായവിസ്താരത്തിൽ എന്ത് നന്നല്ല?
5. മിത്രങ്ങളെ ഭേദിപ്പിക്കുന്നത് ആര്?
6. ആരുടെ ഹൃദയമാണ് യഹോവയുടെ കൈയിൽ നീർത്തോടുകണക്കെ ഇരിക്കുന്നത്?
7. ആഗൂരിന്റെ പിതാവ് ആര്?
8. കല്ലിലും ഘനമേറിയത് എന്ത്?
9. "വെള്ളിത്താലത്തിൽ പൊൻ നാരങ്ങാ പോലെ" ഇത് എന്തിനെ സൂചിപ്പിക്കുന്നു?
10. ആരുടെ നീരസം തൽക്ഷണം വെളിപ്പെടുന്നു?
11. മടിയൻ എവിടെ ചെന്ന് ബുദ്ധി പഠിക്കുവാനാണ് ശലോമോൻ പറഞ്ഞിരിക്കുന്നത്?
12. ആരുടെ മുതുകിനാണ് വടി ആവശ്യമായിരിക്കുന്നത്?
13. മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു. എന്നാൽ കോപത്തെ ജ്വലിപ്പിക്കുന്നത് എന്ത്?
14. ജ്ഞാനം അന്വേഷിച്ചിട്ടും കണ്ടെത്താത്തത് ആര്?
15. ________ പുരുഷന്നു ക്രോധഹേതുവാകുന്നു.
16. വെളിപ്പാടു ഇല്ലാത്തേടത്തു ജനം എങ്ങനെ നടക്കുന്നു?
17. വൃദ്ധന്മാരുടെ നര അവരുടെ എന്താണ്?
18. സ്വഭവനത്തെ വലയ്ക്കുന്നവന്റെ അനുഭവം എന്തത്രേ?
19. ഭാര്യയുടെ കലമ്പൽ എന്തുപോലെയാണ്?
20. എണ്ണയെക്കാൾ മൃദുവായ അണ്ണാക്കുള്ളവൾ ആര്?

### പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 6-ന്റെ ഉത്തരങ്ങൾ 2026 ഏപ്രിൽ 30-നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ, വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാട്ട്സ് ആപ്പ് നമ്പർ** : 9087144349, : 8281748768

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :

Good News Educational Society

P.O. Box 2501, M.C.P.O. Trivandrum - 695011

**Printed at Grace Printers, Muttada, Trivandrum (Mob: 9447059891)**
**for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11**